# സമന്വയം

ഔദ്യോഗികഭാഷാ വകുപ്പുതല സമിതി - കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വാല്യം 1 ലക്കം 21 മേയ് 2025



# പത്രാധിപക്കുറിപ്പ്



## പത്രാധിപക്കുറിപ്പ്

നിയമസഭാ ജീവനക്കാരുടെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്നതിനും അവരുടെ രചനകൾ അവതരിപ്പിക്കുന്നതിനുമുള്ള ഒരു വേദിയാണ് 'സമന്വയം', നമ്മളിൽ ഉറങ്ങിക്കിടക്കുന്ന കലാവാസനയെ ഉണർത്തുന്നതിനു ഒരു അവസരം കൂടിയാണിത്. ഈ അവസരം നമ്മുടെ നിയമസഭാ കുടുംബാംഗങ്ങളായ ഓരോ ജീവനക്കാരും മികച്ച രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മുൻലക്കങ്ങളിലേതു പോലെ മികവുറ്റ കലാസൃഷ്ടികളാൽ സമ്പന്നമാണ് 'സമന്വയ'ത്തിന്റെ ഈ ലക്കവും.

തിരക്കുപിടിച്ച ജീവിതത്തിന്റെ ചൂടിൽ മങ്ങലേറ്റ മനസ്സിനു സാന്ത്വനമേകാൻ സർഗ്ഗാത്മക പ്രവർത്തനങ്ങൾ നമ്മെ സഹായിക്കുന്നു. ഇതിലെ ഓരോ പേജിനും ഒരു ഹൃദയസ്പന്ദനം ഉണ്ട്, ഓരോ വരിക്കും ഒരു കഥയുണ്ട്, ഓരോ വർണ്ണത്തിരയിലും ഒരു സ്വപ്നമുണ്ട്.

ജീവനക്കാരുടെ കലാത്മകതയുടെ മധുരസാന്ദ്രമായ ഈ സാഗരം ആസ്വദിക്കാം, അതിൽ ഒരു തുള്ളിയായെങ്കിലും നമുക്കു പങ്കുചേരാം, അത് നമ്മുടെ മനസ്സിനെ നിറച്ചൊഴിയട്ടെ...

സമന്വയം ത്രൈമാസികയുടെ ഈ ലക്കം ആഹ്ളാദപൂർവം സമർപ്പിക്കുന്നു.

**ഡോ. എൻ. കൃഷ്ണ കുമാർ**
സെക്രട്ടറി, കേരള നിയമസഭ



# സമന്വയം


**മുഖ്യരക്ഷാധികാരി**

**ശ്രീ. എ.എൻ. ഷംസീർ**
ബഹു. സ്പീക്കർ
കേരള നിയമസഭ

**മുഖ്യപത്രാധിപർ**

**ഡോ. എൻ. കൃഷ്ണ കുമാർ**
സെക്രട്ടറി, കേരള നിയമസഭ

**പത്രാധിപസമിതി**

ശ്രീ. ഇ. കെ. മുഷ്താഖ്
ബഹു. സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ.
ജോയിന്റ് സെക്രട്ടറി

ശ്രീ. സബാഹുദ്ദീൻ എസ്. എസ്.
സെക്ഷൻ ഓഫീസർ

ശ്രീ. ജയശങ്കർ വി. എസ്.
അസിസ്റ്റന്റ് ലൈബ്രേറിയൻ

ശ്രീ. നെൽസൺ ജെ. എളൂക്കുന്നേൽ
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

ശ്രീമതി ഷൂജ കെ.
ഇൻഫർമേഷൻ അസിസ്റ്റന്റ്

**കവർ**

ശ്രീ. ആർ. നന്ദകുമാർ
അണ്ടർ സെക്രട്ടറി

**രൂപകൽപ്പന**

ബിജി ജോൺ

**അച്ചടി**

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

**വിലാസം**

ഔദ്യോഗികഭാഷാ
വകുപ്പുതല സമിതി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ അല്ലെന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായമാണെന്നും അവയ്ക്കുള്ള ഉത്തരവാദിത്തം ലേഖകർക്ക് മാത്രമാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.



സമന്വയം

# ഉള്ളടക്കം

## ലേഖനം


ബുദ്ധൻ ചിരിച്ച ദിനം: ഇന്ത്യയുടെ ആണവ പരീക്ഷണത്തിന്റെ അരനൂറ്റാണ്ട് — 04
ശ്യാം കെ.എസ്.

തൊഴിലിടങ്ങളിലെ നീതിബോധം — 25
വിക്രമൻ സി.


## കവിത


ഊട്ട് — 07
ശങ്കർ കെ. കെ.

ചെറുപുഞ്ചിരി — 10
വിഷ്ണു എസ്.എസ്.

ഓർമ്മകളിലെ ഓണം — 17
നന്ദുപ്രഭ

സ്വർഗ്ഗമായോരിടം — 20
ഡോ. മഞ്ജു പി.യു.

മലയാളി — 24
രമേശ് ഡി. നായർ

നിനവിലോ, കനവിലോ, ഓർമ്മകൾക്കുള്ളിലോ — 27
ഡെന്നി എം. എക്സ്.

ഹൃദയത്തിൽ — 34
ആശാലത റ്റി.


## മൊഴിമാറ്റം


യാത്ര പോകാത്ത വഴി — 30
ദിനേഷ്കുമാർ കെ.


## കഥ


ഓർമ്മയുണ്ടോ എന്നെ — 08
കെ. സോമൻ

ആരാധകർ — 11
ബിജു ബി.

ആ വീട് — 18
പ്രീത സി. എസ്.


## വായനക്കുറിപ്പ്


ചരിത്രം അദൃശ്യമാക്കിയ മുറിവുകളിലേക്ക് – ഒരു അവലോകനം — 21
ഡോ. വിഷ്ണുമായ ആർ.എസ്.

മഞ്ഞ് — 21
പ്രസാദ് വി.


## അനുഭവക്കുറിപ്പ്


ഓർമ്മയിൽ ഒരു ശമ്പളക്കവർ — 13
പ്രശാന്തി പി. എൻ.


## യാത്രാവിവരണം


റോഹ്തംഗ് പാസ്സിൽ (ല്ല) — 32
പ്രിയേഷ് എ.എസ്

ലേഖനം

**ശ്യാം കെ. എസ്.**
അണ്ടർ സെക്രട്ടറി

# ബുദ്ധൻ ചിരിച്ച ദിനം: ഇന്ത്യയുടെ ആണവപരീക്ഷണത്തിന്റെ അരനൂറ്റാണ്ട്



സ്വതന്ത്ര ഇന്ത്യയുടെ ശാസ്ത്ര പുരോഗതിയെ മുഴുവൻ സ്വാധീനിച്ച ഒരു ശാസ്ത്ര പരീക്ഷണത്തിന്റെ - രാജസ്ഥാനിലെ പൊഖ്റാൻ മരുഭൂമിയിൽ 1974 മെയ് 18-ന് നടത്തിയ ആദ്യ ആണവ പരീക്ഷണത്തിന്റെ, സുവർണ്ണജൂബിലി ആയിരുന്നു 2024 മെയ് 18-ാം തീയതി. എന്നാൽ, പത്ര-ദൃശ്യ മാധ്യമങ്ങളിലോ, എന്തിനേറെ ശാസ്ത്ര-ബൗദ്ധികതലങ്ങളിലോ ഈ ചരിത്ര മുഹൂർത്തത്തെക്കുറിച്ച് അർഹിക്കുന്ന ഗൗരവത്തിലുള്ള അനുസ്മരണങ്ങളോ, വിലയിരുത്തലുകളോ കണ്ടിരുന്നില്ല. നൂറ്റാണ്ടുകൾ നീണ്ട സ്വാതന്ത്ര്യസമരത്തിലൂടെ ജന്മം കൊണ്ട, പശ്ചാത്തല സൗകര്യങ്ങൾ പരിമിതമായ ഇന്ത്യ എന്ന റിപ്പബ്ലിക്കിന്റെ വെറും രണ്ട് പതിറ്റാണ്ട് നീളുന്ന ശ്രമഫലമായി ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അത്യുന്നതിയിൽ നിൽക്കുന്ന ഇതര രാജ്യങ്ങളുടെ സാങ്കേതിക സഹായമില്ലാതെ നടത്തിയ സ്വതന്ത്രമായ ശാസ്ത്ര പരീക്ഷണമായിരുന്നു 1974-ലെ ബുദ്ധപൂർണ്ണിമ ദിനത്തിൽ നടത്തിയ ആദ്യ ആണവ പരീക്ഷണം. വർത്തമാന കാലത്ത് അധികം പ്രകീർത്തിക്കപ്പെടാതെ പോയ ആ ചരിത്ര നേട്ടത്തിന്റെ പശ്ചാത്തലവും













അനുരണനങ്ങളുമാണ് ഇവിടെ പരിശോധിക്കുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിൽ തുടങ്ങി ലോകമഹാശക്തികൾ തമ്മിലുള്ള ശീതയുദ്ധത്തിന്റെ തീക്ഷ്ണത ലോകം മുഴുവൻ അനുഭവിച്ച വർഷങ്ങളായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി. യുദ്ധത്തിന് അന്ത്യംകുറിച്ചുകൊണ്ട് 1945 ആഗസ്റ്റ് 6,9 തീയതികളിൽ അമേരിക്ക ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും പ്രയോഗിച്ച ആറ്റം ബോംബുകൾ ആണവകിരണങ്ങളുടെ അതിഭീകരമായ നശീകരണ ശക്തി ലോകത്തിന് വെളിവാക്കി. ഈ സംഭവം ഭാവിയിലെ യുദ്ധവിജയങ്ങൾക്കും രാഷ്ട്രങ്ങളുടെ അഖണ്ഡതയ്ക്കും ആഭ്യന്തര സുരക്ഷിതത്വത്തിനും നിദാനമാവുക ആണവശക്തിയാണ് എന്ന ബോധ്യത്തിലേക്ക് പ്രധാന സൈനിക രാഷ്ട്രങ്ങളെ മാറ്റി. ആണവശക്തി ഏതൊക്കെ യുദ്ധേതരമേഖലകളിൽ പ്രയോജനപ്പെടുത്താം എന്നുള്ള ചിന്തയും സമാന്തരമായി ശാസ്ത്രജ്ഞരുടെ പരിഗണനയിലേക്ക് വന്നു

ആണവശക്തിയുടെ അനന്തസാധ്യതകളെക്കുറിച്ച് ഉത്തമ ബോധ്യമുണ്ടായിരുന്ന പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ആ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഡോ. ഹോമി ജഹാംഗീർ ഭാഭയുടെ നേതൃത്വത്തിൽ 1948 ആഗസ്റ്റ് 10ന് 'അറ്റോമിക് എനർജി കമ്മീഷന്' രൂപം നൽകി. രണ്ടാം ലോക മഹായുദ്ധത്തിന് തൊട്ടു പിന്നാലെ ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് തന്നെ അമേരിക്കയെ പിൻപറ്റി ബ്രിട്ടനും ഫ്രാൻസും റഷ്യയും ആണവശക്തിയായി മാറിക്കഴിഞ്ഞിരുന്നുവെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ ദേശസുരക്ഷ എന്ന രാഷ്ട്രീയ ആശയം മുൻനിർത്തി ആണവായുധങ്ങൾ നേടിയെടുക്കുക എന്നതിനേക്കാൾ ആണവമേഖലയിൽ സ്വയംപര്യാപ്തത നേടുക എന്നതായിരുന്നു നെഹ്റുവിന്റെ തത്വം. 1962-ൽ അപ്രതീക്ഷിതമായി ചൈന ഇന്ത്യയെ ആക്രമിച്ചതും 1964-ൽ അവർ സ്വതന്ത്ര ആണവശക്തിയായി പ്രഖ്യാപനം നടത്തിയതും ചേരിചേരാ നയത്തിന്റെ വക്താവായ നെഹ്റുവിനെ ആണവ പരീക്ഷണങ്ങൾക്ക് വേണ്ടിയുള്ള ശ്രമം തുടങ്ങുവാൻ പ്രേരിപ്പിച്ചു. നെഹ്റുവിന് ശേഷം പ്രധാനമന്ത്രിയായ ലാൽ ബഹദൂർ ശാസ്ത്രിയും ഏറ്റവും വേഗത്തിൽ ഇന്ത്യ ആണവശക്തിയാകുന്നതിൽ തൽപരനായിരുന്നു. ലാൽ ബഹദൂർ ശാസ്ത്രിയുടെയും ഡോ. ഹോമി ജഹാംഗീർ ഭാഭയുടെയും ആകസ്മിക മരണം ഇന്ത്യയുടെ അറ്റോമിക് റിസർച്ചിന് താത്കാലിക തിരിച്ചടി ആയെങ്കിലും തുടർന്നുവന്ന ഇന്ദിരാഗാന്ധി അതേ ഊർജ്ജത്തോടെ ഡോ.രാജാരാമണ്ണയുടെ നേതൃത്വത്തിൽ ഈ പദ്ധതി പുനരുജ്ജീവിപ്പിച്ചു.

1960-കളുടെ അവസാനത്തിൽ അതിർത്തിയിലെ ചൈനീസ് സൈനികവിന്യാസവും 1971-ലെ ബംഗ്ലാദേശ് വിമോചനത്തിന് വേണ്ടിയുള്ള ഇന്തോ - പാക്ക് യുദ്ധവും ഏറ്റവും അടിയന്തരമായി ഒരു ആണവശക്തിയാകേണ്ടത് ഇന്ത്യയുടെ അനിവാര്യതയാക്കി മാറ്റി. എന്നാൽ ഇന്ത്യയുടെ പരീക്ഷണങ്ങൾ വിജയത്തിലേക്ക് അടുക്കുന്നത് മനസ്സിലാക്കിയ അമേരിക്ക ഈ പരീക്ഷണത്തിൽ നിന്നും



പിന്മാറാൻ ഇന്ത്യയുടെ മേൽ സമ്മർദ്ദം ചെലുത്താൻ ആരംഭിച്ചു. അതീവ രഹസ്യമായി മാത്രമേ ഈ പദ്ധതി വിജയത്തിലെത്തിക്കാൻ കഴിയൂ എന്ന് മനസ്സിലാക്കിയ ഡോ. രാജാരാമണ്ണ ഏറ്റവും വിശ്വസ്തരായിട്ടുള്ള നൂറിൽത്താഴെ ശാസ്ത്രജ്ഞരെ മാത്രമാണ് ഈ പദ്ധതിക്കായി നിയോഗിച്ചത്. ഇവർക്ക് പുറമെ പ്രധാനമന്ത്രിയുടെ ഓഫീസിലുള്ള ഏതാനും പേർക്കും കരസേനാ മേധാവി ജി. ജി. ബേവൂർ, റോ തലവൻ ഡോ. ആർ. എൻ. കാവു തുടങ്ങിയവർക്കും മാത്രമെ ഈ പദ്ധതിയെക്കുറിച്ച് അറിവുണ്ടായിരുന്നുള്ളൂ. പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏറ്റെടുത്ത ഇന്ത്യൻ ആർമിയുടെ കർശന സുരക്ഷയിൽ, പൊഖ്റാനിൽ തറനിരപ്പിൽ നിന്നും നൂറ് മീറ്റർ താഴ്ചയിൽ സജ്ജീകരിച്ച പരീക്ഷണസ്ഥലത്താണ് ഒന്നര കിലോഗ്രാം പ്ലൂട്ടോണിയം ഉപയോഗിച്ച് ഇന്ത്യ ആദ്യ ആണവ പരീക്ഷണം നടത്തിയത്. അതിർത്തിയിലെ സൈനിക വിന്യാസത്തിന്റെ നൈരന്തര്യവും വീശിയടിക്കുന്ന കാറ്റിൽ ക്ഷണം കൊണ്ട് രൂപമാറ്റം വരുന്ന മണൽക്കൂനകളും അമേരിക്കയുടെയും മറ്റു രാഷ്ട്രങ്ങളുടെയും ഉപഗ്രഹ ചാരക്കണ്ണുകളെ വെട്ടിക്കാൻ ശാസ്ത്രജ്ഞരെ സഹായിച്ചു.

ഈ പദ്ധതിയുടെ കോഡ് നെയിം ആയി ആദ്യം നിശ്ചയിച്ചിരുന്നത് "പൊഖ്റാൻ" എന്ന് ആയിരുന്നുവെങ്കിലും ബുദ്ധ പൂർണ്ണിമയുടെ മറവിൽ ഇന്ത്യ നടത്തിയ ഈ ഓപ്പറേഷൻ വിജയിച്ചുവെന്ന് പ്രധാനമന്ത്രിയെ വിളിച്ചറിയിച്ചത് "ബുദ്ധൻ ചിരിക്കുന്നു" എന്ന പേരിലായിരുന്നു. ഈ പദ്ധതിയുടെ അനന്തരഫലമായിട്ടാണ് ഹ്രസ്വദൂര ആണവ മിസൈലായ പൃഥ്വിയും ദീർഘദൂര ആണവ മിസൈലായ അഗ്നിയും ഡി.ആർ.ഡി.ഒ. വികസിപ്പിച്ചെടുത്തത്. എന്നാൽ ഈ ആണവപരീക്ഷണത്തിന്റെ പേരിൽ കടുത്ത സാമ്പത്തിക ഉപരോധമായിരുന്നു അമേരിക്ക ഉൾപ്പെടെയുള്ള പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് ഇന്ത്യയ്ക്ക് നേരിടേണ്ടി വന്നത്. ഈ വെല്ലുവിളികൾക്കിടയിലും ഇന്ത്യയുടെ ആഭ്യന്തര സുരക്ഷക്ക് മുകളിലല്ല ഒരു വിദേശ രാഷ്ട്രത്തിന്റെയും സമ്മർദ്ദം എന്ന ധീരമായ നിലപാടായിരുന്നു ഇന്ത്യയുടെ രാഷ്ട്രീയ ഭരണ നേതൃത്വം കൈക്കൊണ്ടത്.

ഇന്ത്യയുടെ ആദ്യ ആണവ പരീക്ഷണത്തെക്കുറിച്ച് അനുസ്മരിക്കുമ്പോൾ തുടർന്നുള്ള മുന്നേറ്റങ്ങളെക്കൂടി പരാമർശിക്കാതെ പോകാൻ കഴിയില്ല. ഈ മേഖലയിൽ ഇന്ത്യയുമായി സഹകരിച്ചിരുന്ന യു.എസ്.എസ്.ആർ.-ന്റെ പതനം 1990 കളുടെ ആദ്യപാദത്തിൽ ഇന്ത്യയുടെ ആണവപരീക്ഷണങ്ങളെ പിന്നോട്ടടിക്കുകയാണുണ്ടായത്. തുടർന്ന് ശീതയുദ്ധത്തിന് അന്ത്യമായി എന്ന പൊതുധാരണയുടെ അടിസ്ഥാനത്തിൽ ആണവായുധങ്ങളുടെ എണ്ണം കുറയ്ക്കുന്ന തീരുമാനത്തിലേക്ക് ലോക രാഷ്ട്രങ്ങൾ എത്തുകയും Comprehensive Nuclear Test Ban Treaty(CTBT) എന്ന ഉടമ്പടി 1996-ൽ നിലവിൽ വരികയും ചെയ്തു. എന്നാൽ വൻ ആണവ ശക്തികൾ ആയുധങ്ങൾ സംഭരിച്ചശേഷം ചെറുരാഷ്ട്രങ്ങളുടെമേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്ന ഈ കരാറിൽ ഒപ്പുവയ്ക്കാൻ ഇന്ത്യ തയ്യാറായില്ല. തുടർന്ന് അടൽ ബിഹാരി വാജ്പേയ്യുടെ മന്ത്രിസഭ ഡി.ആർ.ഡി.ഒ.-യുടെ തലവനായിരുന്ന ഡോ.എ.പി.ജെ. അബ്ദുൽ കലാമിന്റെ നേതൃത്വത്തിൽ പൊഖ്റാനിൽ രണ്ടാം അണു പരീക്ഷണം നടത്തി. ഇത്തവണയും അമേരിക്കയുടെ ചാരക്കണ്ണുകളെ നിഷ്പ്രയാസം പരാജയപ്പെടുത്തിക്കൊണ്ട് 1998 മെയ് 11-ന് ഇന്ത്യ ആദ്യ ന്യൂക്ലിയർ ഫ്യൂഷൻ ബോംബ് പരീക്ഷണമാണ് നടത്തിയത്. പാശ്ചാത്യരാജ്യങ്ങളുടെ കരാറിനെ വെല്ലുവിളിച്ച് കൊണ്ടുള്ള ഈ തീരുമാനം മൂലം 1974-നെക്കാൾ കടുത്ത ഉപരോധത്തിനാണ് ഇന്ത്യക്ക് വിധേയമാകേണ്ടി വന്നത്. എന്നാൽ തുടർന്ന് Nuclear Doctrine പാലിക്കാമെന്ന പ്രഖ്യാപനത്തിലൂടെ അന്താരാഷ്ട്ര പ്രശ്നത്തെ ലഘൂകരിക്കാൻ ഇന്ത്യക്ക് കഴിഞ്ഞു. ചുരുക്കത്തിൽ ഇന്ത്യയുടെ ആദ്യ സ്വതന്ത്ര ആണവ പരീക്ഷണം പിൽക്കാലത്ത് വൈദ്യശാസ്ത്രം, ബഹിരാകാശം, പരിസ്ഥിതി, ഭക്ഷ്യം, കൃഷി, ഗതാഗതം തുടങ്ങിയ മേഖലകളിലെല്ലാം വികസിത രാജ്യങ്ങളോടൊപ്പം മുന്നേറാൻ ഇന്ത്യയെ സഹായിച്ചു

**കവിത**

**ശങ്കർ കെ. കെ.**
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ





# ഊട്ട്

തരികയൊരു
തിരികയീയുരിയരിക്കലമൊന്ന്
തരമായിരുത്തുവാൻ.
നഗരകാന്താരത്തിൽ പലരുണ്ട്
മുരയുമ്പോൾ
എരിയുന്ന വയറുമായ്
കരയുന്ന
ചിലരുണ്ട്, അവരുണ്ട്
നിറയുമ്പോളെറിയുന്ന
ചിരിയുണ്ട്,
അവയുണ്ട്
നിറയുന്നതാണെന്റെ
ഗരിമ....
തരികയൊരു
തിരികയീയുരിയരിക്കലമൊന്ന്
തരമായിരുത്തുവാൻ

**കഥ**

**കെ. സോമൻ**
റിട്ടയേർഡ് പാർട്ട് ടൈം ക്ലീനർ



# ഓർമ്മയുണ്ടോ എന്നെ........

അസ്തമന സൂര്യന്റെ പൊൻ പ്രകാശ രശ്മികൾ വർണ്ണരാജിയായി ജനലിന്റെ ഗ്ലാസ്സുകൾക്കുള്ളിൽ കൂടി മുറിയ്ക്കകത്ത് പതിഞ്ഞുകൊണ്ടിരുന്നു. സായാഹ്നത്തിലെ തണുത്ത കുളിർകാറ്റ് വീശിക്കൊണ്ടിരുന്നു. മുറിയ്ക്കകത്ത് തനിച്ചിരുന്നു സ്വപ്ന തേങ്ങിക്കരഞ്ഞു. മിഴികളിൽ കൂടി കണ്ണുനീർ ഒഴുകുന്നുണ്ട്. തനിയ്ക്കുണ്ടായ അനുഭവം മറ്റു സ്ത്രീകൾക്ക് ആർക്കും ഉണ്ടാകരുതെന്ന് മനസ്സിൽ ഓർമ്മിച്ചു.



അനന്തൻ ശാലിനി ദമ്പതി കളുടെ ഏക മകളാണ് സ്വപ്ന. ചെറുപ്പത്തിൽ അവൾ സൗന്ദര്യ വതിയായിരുന്നു. അവളുടെ പുഞ്ചിരിയും, സ്നേഹവുമെല്ലാം അവളുടെ മാതാപിതാക്കൾക്ക് വളരെയധികം ആനന്ദം ഉളവാക്കി. അവരുടെ ആ സന്തോഷമെല്ലാം അസ്തമന സൂര്യനെ പോലെ മങ്ങി മറഞ്ഞു. സ്വപ്നയുടെ ഇപ്പോഴത്തെ അവസ്ഥ രക്ഷകർത്താക്കളിൽ വല്ലാത്ത ദുഃഖമുണ്ടാക്കി. ഏക മകളായ സ്വപ്നയെ അത്രയ്ക്കും സ്നേഹവാത്സല്യത്തോടെയാണ് അവർ വളർത്തിയത്.

സ്വപ്നയുടെ ഭർത്താവ് അരുണിന് മാനസിക രോഗമായ തിനാൽ, അയാൾ വീട്ടിലുള്ള നിത്യോപയോഗ സാധനങ്ങൾ തല്ലിത്തകർക്കുകയും വീട്ടുകാ രോട് മൃഗീയമായ രീതിയിൽ പെരുമാറുകയും ചെയ്യുന്നു. അയാൾ മുമ്പ് വളരെ ശാന്ത സ്വഭാവക്കാരനായിരുന്നു. എന്നാൽ ഇപ്പോഴത്തെ അവസ്ഥ അവളെ വളരെയധികം വേദനിപ്പിച്ചു

എല്ലാവരും കൂടി അരുണിനെ മാനസിക രോഗാശു പത്രിയിൽ കൊണ്ടുപോയി ചികിത്സിച്ചെങ്കിലും അസുഖം മൂർച്ഛിച്ചു കൊണ്ടിരുന്നു. കുറെ ദിവസത്തെ ചികിത്സയ്ക്കുശേഷം അസുഖം ഭേദമായി വീട്ടിൽ കൊണ്ടു വന്നു.

അങ്ങനെയിരിക്കെ കുറെ ദിവസങ്ങൾക്കുശേഷം വീണ്ടും അസുഖം കൂടി. അവൻ എങ്ങോട്ടോ നാടുവിട്ടുപോയി. ആരും അറിഞ്ഞില്ല അതിനു ശേഷം അവനെക്കുറിച്ചാർക്കും ഒരറിവുമില്ല.

കുറെ ദിവസങ്ങൾ കഴിഞ്ഞു മകളുടെ ദുഃഖമകറ്റാൻ വേണ്ടിയും അവളുടെ ഭാവി ജീവിതത്തെ ഓർത്തും മാതാ പിതാക്കൾ അവളെ ഒരു രണ്ടാം വിവാഹത്തിന് പ്രേരിപ്പിച്ചു. എന്നെങ്കിലും ഒരു ദിവസം അരുണിന്റെ അസുഖമെല്ലാം ഭേദമായി അയാൾ തന്നെ ക്കാണാൻ വീട്ടിൽ വരുമെന്നും ആ ദിവസം വരെ താൻ അയാളെ കാത്തിരിക്കുമെന്നും സ്വപ്ന വാശി പിടിച്ചു. സൽസ്വഭാവിയായ അരുൺ ആണ് തന്റെ കഴുത്തിൽ താലി ചാർത്തിയതെന്നും അസുഖം ഉണ്ടായെന്ന് വിചാരിച്ചു അയാളെ ഉപേക്ഷിക്കാൻ തനിയ്ക്കു കഴിയില്ലെന്നും തറപ്പിച്ചു പറഞ്ഞുകൊണ്ട് അവൾ തേങ്ങിക്കരഞ്ഞു.

'മോളെ നീ ഇങ്ങനെ കരഞ്ഞു വിളിച്ചിരുന്നു ജീവിതം നശിപ്പിക്കാതിരിക്കാൻ വേണ്ടി അമ്മ പറയുന്ന ഒരു കാര്യം കേൾക്കണം. നിന്റെ ഭർത്താവ് ഇനി സുഖമായി വന്ന് നിങ്ങൾക്ക് ഒരുമിച്ചു ജീവിക്കാൻ കഴിയുമെന്ന് തോന്നുന്നുണ്ടോ നിനക്ക്? അതൊരിയ്ക്കലും ഇനി നടക്കില്ല. നിന്റെ അച്ഛൻ നിനക്ക് നല്ലൊരു ചെറുപ്പക്കാരനെ നോക്കി വച്ചിട്ടുണ്ട്. വിവാഹ ത്തിന് നീ സമ്മതിക്കണം.'' സ്വപ്നയുടെ അമ്മ അവളെ ഉപദേശിച്ചു.

മാതാപിതാക്കളുടെ നിർബന്ധം സഹിക്കാൻ കഴിയാതെ സ്വപ്ന സനു എന്ന ചെറുപ്പക്കാരനെ വിവാഹം ചെയ്തു. കുറെ നാൾ കഴിഞ്ഞ് സ്വപ്ന ഒരു കുഞ്ഞിന് ജന്മം നൽകി. ആ കുഞ്ഞിന് കാഞ്ചന എന്ന് പേരിട്ടു വളർത്തി. കഴിഞ്ഞു പോയ ദുഃഖമെല്ലാം മാറി സന്തോഷത്തോടെ അവൾ ജീവിച്ചു.

അങ്ങനെയിരിക്കെ ഭ്രാന്ത നായി നാടുവിട്ടു പോയ അരുൺ മറ്റൊരു നാട്ടിലെത്തി. അവിടത്തുകാർ അയാളെ പിടിച്ചുകെട്ടി ഭ്രാന്താശുപത്രിയിൽ ഏല്പിച്ചു. കുറെ കാലത്തെ ചികിത്സയ്ക്കുശേഷം അരുണി ന്റെ അസുഖം പൂർണ്ണമായും സുഖമായി ആശുപത്രി വിട്ടു. അപ്പോഴേയ്ക്കും അയാൾക്ക് പഴയകാല ജീവിതം ഓർമ്മ വന്നു. തനിക്കു ഭാര്യ ഉണ്ടെന്നും അവൾ തന്നെ കാണാൻ കാത്തി രിക്കുകയായിരിക്കും എന്നും ഓർമ്മിച്ചു. സ്വപ്നയുടെ വീട്ടിലേയ്ക്ക് യാത്രയായി. തന്റെ പ്രിയപ്പെട്ട ഭാര്യയെ ഒരു നോക്ക് കാണാൻ കൊതിച്ച് വീടിന്റെ മുറ്റത്ത് നിന്നു. ഒരു അപരിചിതൻ മുറ്റത്ത് നിൽക്കുന്നത് സ്വപ്ന യുടെ ഭർത്താവ് കണ്ടു. അപ്പോൾ രണ്ടുപേരും കുഞ്ഞിനെ കളിപ്പി ക്കുകയായിരുന്നു. ഉല്ലാസ ത്തോടെ നിൽക്കുകയായിരുന്ന സ്വപ്ന അരുണിനെ കണ്ട് അന്തം വിട്ടു പോയി. എന്തുപറയണ മെന്ന് അറിയാതെ അരുൺ നിന്നു. അവന്റെ നെഞ്ചിൽ തീ ആളിക്കത്തി. നിരാശയോടെ സ്വപ്നയോട് അവൻ ചോദിച്ചു.' 'എന്നെ ഓർമ്മയുണ്ടോ നിനക്ക്?'' മറുപടിക്ക് കാക്കാതെ അരുൺ നിറകണ്ണുകളോടെ അവിടെ നിന്നും മടങ്ങി.

സൽസ്വഭാവിയായ മുൻ ഭർത്താവിനോട് കരുണ തോന്നിയ സ്വപ്നയുടെ മനസ്സ് തകർന്നു. ഒന്നും പറയാൻ കഴിയാതെ അവൾ സനുവിന്റെ അരികിൽ കൂടി ചരിഞ്ഞു നിലത്തു വീണു.



കവിത

**വിഷ്ണു എസ്. എസ്.**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്



# ചെറു പുഞ്ചിരി



മാനും മുയലും മയിലും കുരുവിയും
കാടും പുഴയും കുളവും മീനും
കാക്കകരിമ്പുലി -
കടുവയുമൊന്നിച്ചാടിപ്പാടുന്നുമ്മറമാകെ
ചെറുചിരിപുഞ്ചിരി -
കുഞ്ഞിക്കളിവിളിമൂളലുമായിപ്പിറകേയോടി
യിഴഞ്ഞു മറിഞ്ഞു രസിക്കും
കുഞ്ഞിപ്പെണ്ണിവളങ്ങനെ കൊഞ്ചും നേരം
പാട്ടുകൾപാടണമോടിയൊളിക്കണം
കണ്ണിമചിമ്മാതൊത്തു കളിക്കണം
അങ്ങോട്ടിങ്ങോട്ടോടണമവിടെയു
മിവിടെയുമങ്ങനെ കലപില കൂട്ടണം
പണ്ടുനടന്നൊരുബാല്യം കൂടെ
തെല്ലുമറന്നൊരു കളിചിരിയോർമ്മക-
ളിമ്മിണി രസമോടോർത്തു
ചിരിക്കാനിമ്പമൊടവളൊരുപുഞ്ചിരി തൂകി
കുഞ്ഞായന്നുഞാൻ കാട്ടിയ വേലകൾ
കുഞ്ഞിപ്പെണ്ണിവൾ കാട്ടണനേരം
അറിവും ചിന്തയും പണിയും
വേലികളില്ലാക്കാലമതകലേക്കെങ്ങോ
പോയിമറഞ്ഞതിലൽപ്പം
നഷ്ടം തോന്നുതിലെന്താണതിശയമുണ്ടോ?

കഥ

**ബിജു ബി.**
ഇൻഫർമേഷൻ അസിസ്റ്റന്റ്.

# ആരാധകർ

ഞാൻ ജോലി ചെയ്തിരുന്ന സ്ഥലത്ത് നിന്നും പഞ്ചാബിലെ ജലന്തറിലെ പട്ടാളബാരക്കിലെ പുതിയ ഓഫീസിലേക്കുള്ള സ്ഥലം മാറ്റം പ്രമോഷനോട് കൂടിയുള്ള തായിരുന്നു. അത് കാരണം ആ സ്ഥലംമാറ്റം വേണ്ടെന്ന് വയ്ക്കാൻ കഴിയുമായിരുന്നില്ല.

സാദാ സോൾജിയർ അഥവാ സിപോയിയിൽ നിന്നും ഹവിൽദാർ ക്ലാർക്ക് എന്ന പ്രമോഷൻ പോസ്റ്റ്. കൊള്ളാം, ഏതൊരു സിപോയിയുടെയും ആഗ്രഹമാണ് ആ പോസ്റ്റ്. അതിനാൽ ഏറെ സന്തോഷ ത്തോടെയാണ് ഞാൻ പുതിയ ഓഫീസിൽ ജോയിൻ ചെയ്തത്.

ഓഫീസർ സന്തോഷ് ചോപ്ര നല്ലൊരു മനുഷ്യനായി രുന്നു. കേരളത്തിന്റെ മനോഹാരി തയും പച്ചപ്പും വശ്യമായ പ്രകൃതിഭംഗിയും അദ്ദേഹത്തിന് ഏറെ ഇഷ്ടമായിരുന്നു. അതി നാൽ കേരളത്തിലെ എന്റെ നാടിനെക്കുറിച്ചും വീട്ടുകാരെ ക്കുറിച്ചും ഒക്കെ വളരെ താല്പര്യ ത്തോടെയാണ് അദ്ദേഹം ചോദിച്ച് മനസ്സിലാക്കിയത്.

ഓഫീസിൽ സന്തോഷ് ചോപ്ര സാറിനെ കൂടാതെ മൂന്ന് നാല് ഓഫീസേഴ്സ് വേറെയും ഉണ്ടായിരുന്നു. ഞങ്ങളുടെ സെക്ഷൻ കൈകാര്യം ചെയ്തി രുന്നത് സന്തോഷ് ചോപ്ര സാറായിരുന്നു. അദ്ദേഹത്തിന് ഒരസിസ്റ്റന്റ് കൂടി ഉണ്ടായിരുന്നു. വിദ്യാസമ്പന്നനും പ്രതിഭാ ധനനുമായ രജത്.

സെക്ഷനിൽ ഞങ്ങൾ പന്ത്രണ്ട് പേരായിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ.



ഒരാളെയൊഴിച്ച് ഞാൻ മുഴുവൻ പേരെയും പരിചയപ്പെട്ടു. പരിചയപ്പെടാത്തയാൾ ഞാൻ ജോയിൻ ചെയ്ത സമയത്ത് ലീവ് എടുത്ത് നാട്ടിൽ പോയിരിക്കുകയായിരുന്നു.

രണ്ടാഴ്ച കഴിഞ്ഞ് ഒരു ദിവസം. ഞങ്ങൾ പതിനൊന്ന് പേരും പതിവ് പോലെ ഓഫീസിലെത്തി ജോലിയിൽ മുഴുകിയിരിക്കയാണ്. പെട്ടെന്നാണ് പട്ടാള ബാരക്കുകളിലെ നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് കോറിഡോറിൽ ഒരു അലറിച്ചിരികേട്ടത്. കാര്യമറിയാതെ ഞാൻ തൊട്ടടുത്ത സീറ്റിലിരുന്ന ബീഹാറുകാരനായ ഉപേന്ദ്രകുമാർ എന്നയാളെ നോക്കി.

അയാൾ കണ്ണിറുക്കി കാണിച്ചിട്ട് ഒരു കള്ളച്ചിരിയോടെ പറഞ്ഞു ''ടർനാമത് ... വഹ് ഏക് പാഗൽ കുത്താ കിതരത് ആദ്മിഹേ. വഗ് ആനേ കി സൂചനാ ഹേ... '

ഞാൻ കാര്യമറിയാതെ മിഴിച്ചിരുന്നപ്പോൾ ദീർഘകായനായ ഒരു ചെറുപ്പക്കാരൻ അകത്തേക്ക് വന്ന് എല്ലാവരേയും പുച്ഛത്തോടെ ഒന്ന് നോക്കി. 'ബ്ലഡി ഫൂൾസ് ' എന്ന് ഉച്ചത്തിൽ പറഞ്ഞു. എന്നിട്ട് തന്റെ സീറ്റിൽ പോയിരുന്നു. വളരെ വൃത്തികെട്ടതും മോശവുമായ തരംതാണ ഭാഷയിൽ ഓരോരുത്തരുടെ പേര് വിളിച്ച് ഇകഴ്ത്തിക്കാട്ടി സംസാരിക്കാൻ തുടങ്ങി.

ആരും പ്രതികരിക്കുന്നുണ്ടായിരുന്നില്ല. മാത്രമല്ല അത് അംഗീകരിക്കുന്ന മട്ടിൽ ചിരിച്ച് തലയാട്ടിക്കൊണ്ടിരുന്നു. പുതിയ ആളായിട്ടും എന്നെ പരിചയപ്പെടാൻ വന്നില്ല. ഞാനും അതിന് തയാറായില്ല.

ഇതൊന്നും കാര്യമാക്കണ്ട എന്ന അർത്ഥത്തിൽ ഉപേന്ദ്രൻ എന്നെ കണ്ണിറുക്കി കാണിച്ചു. അയാൾ അപ്പോഴും തന്റെ ശൈലിയിലുള്ള സംസാരം തുടരുന്നുണ്ടായിരുന്നു. മറ്റുള്ളവർ വലിയ മഹാസംഭവം പോലെ കേട്ടാസ്വദിക്കുന്നു. ഇടയ്ക്കിടക്ക് അയാൾ മറ്റുള്ളവരെ ഗരീബ് ലോഗ് എന്ന് വിളിച്ച് പരിഹസിക്കുന്നുണ്ടായിരുന്നു. ആദ്യമായിട്ടായത് കൊണ്ടാവാം എനിക്ക് ഇതൊക്കെ കേട്ടപ്പോൾ ഒരുതരം വെറുപ്പാണ് ഉണ്ടായത്.

എന്നെ അമ്പരപ്പിച്ച കാര്യം അയാൾ പറയുന്ന വിലകുറഞ്ഞ തമാശകൾ കേട്ട് ഏതോ മഹാഫലിതം എന്ന മട്ടിൽ ആർത്തലച്ച് ചിരിക്കുന്ന രണ്ട് പേർ ഉണ്ടായിരുന്നു. രോഷൻ രാജും ജഗദീഷ് ചന്ദ്രും. മാത്രമല്ല അവർ അയാളെ പുകഴ്ത്തി സംസാരിക്കുന്നതിൽ മത്സരിക്കുന്നുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്ക് അയാൾ അവരെ ധിക്കാരി ലോഗ് എന്ന് വിളിക്കുന്നതിൽ അവർക്കൊരു പരിഭവവും ഇല്ലായിരുന്നു. മാത്രമല്ല സംസാരത്തിനിടയിൽ പലതവണ താൻ ഒരു കോടീശ്വരനാണ് എന്നും അയാൾ ആവർത്തിക്കുന്നുണ്ടായിരുന്നു.

ഉച്ചയ്ക്ക് ക്യാന്റീനിൽ വച്ചാണ് ഉപേന്ദ്രൻ എന്നോട് കാര്യങ്ങൾ പറഞ്ഞത്. ഒറീസക്കാരനായ പവൻകുമാറാണ് കക്ഷി. അയാളുടെ അപ്പൂപ്പൻ റവന്യൂ വകുപ്പിൽ ഒരു ചപ്പരാസി ആയിരുന്നു. കള്ളരേഖകൾ ചമച്ച് പാവപ്പെട്ടയാളുകളുടെ കൃഷിയിടങ്ങൾ തട്ടിയെടുത്തു. അച്ഛൻ നാട്ടിലെ ജമീന്ദാരും ഒപ്പം വട്ടിപ്പലിശക്കാരനും ആണ്. ആ വകയിലും പാവങ്ങളെ പിഴിഞ്ഞും ചൂഷണം ചെയ്തും കുറെയേറെ സമ്പാദിച്ചു.

ഒറ്റമകനാണ്. സമ്പന്നനാണ്. എങ്കിലും കാൽകാശിന്റെ വിവരമില്ല. താൻ കോടീശ്വരനും ബാക്കിയുള്ളവർ ധിക്കാരി ലോഗും എന്ന് കൂടെ കൂടെ പറയുന്നത് ഇയാൾക്ക് ഒരു ഹരമാണ്. എല്ലാവരും അയാളെ അംഗീകരിച്ച് ബഹുമാനിച്ച് നിൽക്കണം.

സമാനതസ്തികയിൽ ജോലി ചെയ്യുന്ന ഞാൻ എന്തിന് അയാളുടെ വൃത്തികേടുകൾ കേട്ട് അയാളെ അംഗീകരിച്ച് സന്തോഷിപ്പിക്കണം. ആ ചോദ്യത്തിന് ഉപേന്ദ്രൻ കൃത്യമായ മറുപടി തന്നു.

ആൾ ഒരു കൃമിയാണ്. ആർക്കും ഒരുപകാരം ചെയ്തില്ലെങ്കിലും ഉപദ്രവിക്കാൻ മിടുക്കനാണ്. കുപ്പിവാങ്ങികൊടുത്തും പണം പലിശയ്ക്ക് കൊടുത്തും ഉയർന്ന മൂന്ന് നാല് ഉദ്യോഗസ്ഥരെ പാട്ടിലാക്കി വച്ചിട്ടുണ്ട്.

ഇനി മറ്റൊരു കഥാപാത്രമുണ്ട്. അവനീന്ദ്രകുമാർ സിങ്ങ് എന്ന പഞ്ചാബ്കാരൻ. അവനാണ് ഇവന്റെ ഏറ്റവും വലിയ ആരാധകനും അനുയായിയും. ഓഫീസിലോ പുറത്തോ ഞങ്ങൾ ജീവനക്കാർക്കിടയിൽ എന്തെങ്കിലും സംഭവങ്ങൾ ഉണ്ടായാൽ അവൻ രഹസ്യമായി അത് മൊബൈൽ  ക്യാമറയിൽ പകർത്തും. പിന്നീട് അതിനെ പവൻകുമാറിന് കൈമാറും.

ആരെങ്കിലും തന്നെ അംഗീകരിക്കാതിരിക്കുകയോ എതിർത്ത് സംസാരിക്കുകയോ ചെയ്താൽ അയാൾ പവൻകുമാറിന്റെ ശത്രു ആകും. അയാൾ ഉൾപ്പെടുന്ന വീഡിയോ അന്നേരം തന്നെ ഓഫീസേഴ്സിനെ കാണിച്ച് പണിഷ്മെന്റ് വാങ്ങിക്കൊടുക്കും.

ഒരേകദേശ ചിത്രം ലഭിച്ച ഞാൻ വളരെ കരുതലോടെ നീങ്ങാൻ തുടങ്ങി. ഒന്ന് രണ്ട് തവണ എന്നോട് മോശമായി സംസാരിച്ചു. ഉരുളയ്ക്കുപ്പേരി പോലെ ഞാൻ മറുപടി കൊടുത്തു. അതോടെ എന്നോടയാൾക്ക് പകയായി.

ഓഫീസിൽ പലരും അയാളെ പിണക്കരുതെന്നും പ്രീതിപ്പെടുത്തി വയ്ക്കുന്നതാണ് നല്ലതെന്നും അറിയിച്ചു. ''ഞാനും അയാളും ജോലി  ചെയ്താണ് ശമ്പളം വാങ്ങുന്നത്. എനിക്ക് ശമ്പളം തരുന്നത് അയാളല്ല. പിന്നെന്തിന് ഞാൻ നിങ്ങളെപ്പോലെ നട്ടെല്ലില്ലാത്ത വെറും അടിമകൾ ആകണം?''ഇത് കേട്ടതും അവർ ഇളിഭ്യരായി സ്ഥലം വിട്ടു.

സ്ത്രീകളെ കാണുമ്പോൾ പവൻകുമാറിന് വല്ലാത്തൊരു ഹാലിളക്കമാണ്. അവരെ കാണുമ്പോൾ വൃത്തികെട്ടതും ദ്വയാർത്ഥം നിറഞ്ഞതുമായ തമാശകൾ പറഞ്ഞ് സ്വയം ചിരിക്കും. തന്റെ ആരാധകർ കൂടെ ചിരിക്കണം എന്നത് നിർബന്ധമാണ്. ഏതെങ്കിലും സ്ത്രീ എന്തെങ്കിലും ആവശ്യത്തിന് ഓഫീസിൽ വന്നാൽ അവരുടെ മുന്നിൽ സഹപ്രവർത്തകരെക്കാൾ ഞാനാണ് കേമൻ എന്ന് തെളിയിക്കാനുള്ള ശ്രമങ്ങൾ ആരാധകരുടെ സഹായത്തോടെ നടത്തുക പതിവാണ്. ഓഫീസിൽ വരുന്ന സ്ത്രീകളോട് പലപ്പോഴും മൊബൈൽ നമ്പർ



ചോദിച്ച് വാങ്ങാറുണ്ട് എന്നതും പരസ്യമായ രഹസ്യമാണ്.

ഒരിക്കൽ ഒരു സംഭവം ഉണ്ടായി. ഞങ്ങളുടെ ഓഫീസ് വൃത്തിയാക്കുന്നത് സരോജിനി കൗർ എന്ന മുപ്പത്തിയഞ്ച് വയസ് പ്രായം വരുന്ന ഒരു സ്ത്രീയാണ്. അവരോട് അശ്ലീലമായി എന്തോ പറഞ്ഞത്രേ...

സംഗതി പ്രശ്നമായി. അവർ ചോപ്ര സാറിന് രേഖാമൂലം പരാതി നൽകി. ആ സംഭവത്തിന് ഏകസാക്ഷി രോഷൻ രാജ് ആയിരുന്നു. സാക്ഷിയായ രോഷൻ രാജിനെ ചോപ്ര സാർ വിളിച്ച് കാര്യം തിരക്കും എന്ന് മനസ്സിലാക്കിയ പവൻകുമാർ രോഷനെ ഭീഷണിപ്പെടുത്തി. ഞങ്ങളുടെ ഓഫീസിൽ ഒരു മെസ് കൂടി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ചാർജ് ഞങ്ങളുടെ അതേ തസ്തികയിലുള്ള ഒരാൾക്കാണ്. ഏറ്റവും കുഴപ്പം പിടിച്ചതും ലേശം അവഗണന നിറഞ്ഞതുമായ ജോലിയാണ് അത്. അതിനാൽ ആരും ആ പോസ്റ്റിലേക്ക് പോകാൻ താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല. പണിഷ്മെന്റ് പോലെ അടിച്ചേല്പിക്കുകയാണ് ചെയ്യുന്നത്. തനിക്കെതിരെ സാക്ഷി പറഞ്ഞാൽ ഉദ്യോഗസ്ഥർക്കിടയിലുള്ള തന്റെ സ്വാധീനം ഉപയോഗിച്ച് രോഷനെ മെസിലേക്ക് സ്ഥലം മാറ്റുമെന്നും അതിനാൽ താൻ പറയുന്നത് പോലെ തന്നെ ചോപ്ര സാറിന് മുന്നിൽ മൊഴി നൽകണമെന്നും ആയിരുന്നു പവൻകുമാറിന്റെ ഭീഷണി. പാവം രോഷന് അനുസരിക്കുകയല്ലാതെ വഴിയില്ല. ആദ്യ ദിവസം മൊഴി നൽകാൻ നോട്ടീസ് നൽകിയിട്ടും അയാൾ ഹാജരായില്ല. കുപിതനായ ചോപ്ര സാർ കടുപ്പിച്ച് ഒരു നോട്ടീസ് കൂടി നൽകി. ഗത്യന്തരമില്ലാതെ രോഷൻ ചോപ്ര സാറിന് മുന്നിൽ ഹാജരായി പവൻ കുമാർ പറഞ്ഞുകൊടുത്ത കാര്യങ്ങൾ തത്ത പറയുന്നത് പോലെ പറഞ്ഞു. അതോടെ പവൻ കുമാർ തുടർനടപടികളിൽ നിന്നും രക്ഷപ്പെട്ടു. അതോടെ അയാൾക്ക് കൂടുതൽ അഹങ്കാരമായി. താൻ എന്ത് പ്രശ്നമുണ്ടാക്കിയാലും ഓഫീസേഴ്സ് തന്റെ കൂടെയേ നിൽക്കൂ എന്നും താൻ പറയുന്നതേ ഈ ഓഫീസിൽ നടക്കൂ എന്ന ഒരു ധാരണ ഞങ്ങളുടെ ഇടയിൽ ഉണ്ടാക്കാൻ ഈ സംഭവത്തോടെ കഴിഞ്ഞു.

വലിയ പ്രശ്നങ്ങൾ ഒന്നും ഇല്ലാതെ കുറച്ച് നാളുകൾ കടന്നു പോയി. വീണ്ടും ഒരു സംഭവം ഉണ്ടായി. തമിഴനായ സന്താനവേലിന് മദ്യപാനശീലമുണ്ട്. ആദ്യകാലങ്ങളിൽ സന്താനം പവൻ കുമാറിന്റെ ആരാധകനും അനുയായിയും ഒക്കെയായിരുന്നു. എന്നാൽ പിന്നീട് എന്തോ കാരണത്തിന് ഇവർ തമ്മിൽ തെറ്റി.

സന്താനം കൂടെ കൂടെ നാട്ടിൽ പോകും. പോയിട്ട് വരുമ്പോൾ അയാളുടെ നാട്ടിൽ നിന്നും കിസ്മിസ് കൊണ്ടുവരും. ഉണക്കമുന്തിരിക്ക് പേര് കേട്ട സ്ഥലമാണ് അയാളുടേത്. അയാളുടെ കൈയിൽ നിന്നും വിലകൊടുത്ത് ഞങ്ങൾ കിസ്മിസ് വാങ്ങിക്കഴിക്കുമായിരുന്നു.

ഒരിക്കൽ ഉപേന്ദ്രനും ഞാനും സന്താനവേലിന്റെ കൈയിൽ നിന്നും കിസ്മിസ് വാങ്ങിക്കുകയായിരുന്നു. പെട്ടെന്ന് അങ്ങോട്ടേക്ക് പവൻ കുമാർ കടന്ന് വന്നു. ഓഫീസിൽ കച്ചവടം നടത്താൻ നിനക്കാരാടാ നായേ അധികാരം തന്നത് എന്ന് ആക്രോശിച്ചുകൊണ്ട് പവൻ കുമാർ കഴുത്തിന് പിടിച്ച് ഒരൊറ്റത്തള്ള്. സന്താനം കമിഴ്ന്നടിച്ച് വീണു. നെറ്റി മുറിഞ്ഞ് ചോര വന്നു. സംഭവം പരാതി

യായി. പതിവ് പോലെ എൻക്വയറി ആയി. ഞാനും ഉപേന്ദ്രനും ആയിരുന്നു സാക്ഷികൾ. ഞാൻ കണ്ട കാര്യം സത്യസന്ധമായി അന്വേഷണ ഉദ്യോഗസ്ഥന് മുമ്പാകെ മൊഴി നൽകി. എന്നാൽ ഉപേന്ദ്രനാകട്ടെ അങ്ങനെ ഒരു സംഭവം നടന്നിട്ടില്ല എന്നാണ് മൊഴി നൽകിയത്. ഇതെന്നെ ഞെട്ടിച്ചു. ഉപേന്ദ്രനോട് ഞാൻ കാര്യം തിരക്കി.

ദിവസങ്ങൾക്ക് മുൻപ് ഒരു ദിവസം ഉച്ചയ്ക്ക് മദ്യപാനിയായ സന്താനത്തിൽ നിന്നും രണ്ട് പെഗ് മദ്യം വാങ്ങി ഉപേന്ദ്രൻ കുടിച്ചു. ഡ്യൂട്ടി സമയം ആയിരുന്നെങ്കിലും അന്നതാരും അറിഞ്ഞില്ല. എന്നാൽ ചാരക്കണ്ണുകളുള്ള അവനീന്ദ്രൻ അപ്പോൾ ത്തന്നെ അത് രഹസ്യമായി മൊബൈലിൽ പകർത്തുകയും പവൻകുമാറിനെ ഏല്പിക്കുകയും ചെയ്തിരുന്നു. ജോലിസ്ഥലത്തുള്ള മദ്യപാനം സസ്പെൻഷൻ വരെ കിട്ടാവുന്ന കുറ്റമാണ്. ആയതിനാൽ താൻ പറയുന്നത് പോലെ തന്നെ ഉപേന്ദ്രൻ മൊഴി നൽകിയില്ലെങ്കിൽ ആ വീഡിയോ ഓഫീസേഴ്സിനെ കാണിക്കും എന്നും സർവ്വോപരി അയാളുടെ ഭാര്യയ്ക്കയച്ച് കൊടുക്കും എന്നുമൊക്കെ പവൻകുമാർ ഭീഷണിപ്പെടുത്തി.

ഓഫീസിന്റെ ഭാഗത്ത് നിന്നുള്ള നടപടിയെക്കാൾ അച്ചിക്കോന്തനായ ഉപേന്ദ്രൻ ഭയന്നത് ഭാര്യ ഈ വിവരം അറിഞ്ഞാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചായിരുന്നു. ഭയന്ന് പോയ അയാൾ പവൻകുമാർ പറഞ്ഞതുപോലെ തന്നെ മൊഴിനൽകി.

പാഗൽകുത്താ എന്ന് മാത്രം പവൻകുമാറിനെ വിളിച്ചിരുന്ന ഉപേന്ദ്രൻ അയാളുടെ ഏറ്റവും അടുത്ത അനുയായിയും ആരാധകനുമായി മാറി. അയാൾക്ക് വേണ്ടി മരിക്കാൻ വരെ തയ്യാറായി. എല്ലാം ആ വീഡിയോയുടെ ശക്തി ആയിരുന്നു.

ഒരിക്കൽ ജലദോഷബാധിതനായി മുഖമെല്ലാം കടുത്തിരിക്കയായിരുന്ന എന്റെ ഫോട്ടോ മൊബൈലിൽ ഉപേന്ദ്രൻ എടുത്തു. അത് ഞാനറിഞ്ഞിരുന്നില്ല. ഉപേന്ദ്രൻ ആ ഫോട്ടോ പവന് അയച്ചു കൊടുത്തു. പവൻ അപ്പോൾ ത്തന്നെ ആ ഫോട്ടോ ഓഫീസേഴ്സിനെ കാണിച്ചിട്ട് ഞാൻ മദ്യപിച്ചാണ് ഓഫീസിൽ ഇരിക്കുന്നത് എന്നറിയിച്ചു. ഓഫീസേഴ്സ് പരിശോധന നടത്തിയെങ്കിലും യാതൊരുഫലവും ഉണ്ടായില്ല. പവൻകുമാറിന് അതിനുശേഷം എന്നോടുള്ള വൈരാഗ്യം കൂടി വരികയാണ് ഉണ്ടായത്.

ഒരു ദിവസം കോറിഡോറിൽ വച്ച് ഞങ്ങൾ പരസ്പരം കണ്ടുമുട്ടി. 'ദാരിദ്ര്യവാസി.....പിച്ചയെടുത്തല്ലേടാ നീയും നിന്റെ കുടുംബവും ജീവിക്കുന്നത്. കോടീശ്വരനായ എനിക്കെതിരെ സാക്ഷി പറയാൻ നിനക്കെങ്ങനെ ധൈര്യം വന്നെടാ.'' തുടങ്ങിയ ആക്ഷേപങ്ങൾ പവൻകുമാർ ചൊരിയാൻ തുടങ്ങി. സഹികെട്ടപ്പോൾ ''അരേ പാഗൽ കുത്തേ.... തേരാ സിർ മെം ഫാട് ദൂംഗാ....'' എന്ന് ആക്രോശിച്ചുകൊണ്ട് ഞാൻ മുന്നോട്ട് കുതിച്ചു.

ഞങ്ങൾ തമ്മിൽ നടന്ന അടിപിടിക്ക് ഇത്തവണ കരുത്തനായ ഒരു സാക്ഷി ഉണ്ടായിരുന്നു. ഞങ്ങളുടെ മേലുദ്യോഗസ്ഥനായ സാക്ഷാൽ സന്തോഷ് ചോപ്രസാർ... അദ്ദേഹം വിശദമായ റിപ്പോർട്ട് തയ്യാറാക്കി മേലാവിലേക്ക് നൽകി. ഉടൻ നടപടി വന്നു. എന്നെ ലഡാക്കിലേക്ക് സ്ഥലംമാറ്റി. മുൻപ് നടന്ന കാര്യങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യാത്തതിൽ ചോപ്രാസാറിനെ വിശാഖപട്ടണത്തേക്കും മാറ്റി. പവൻകുമാറിനെ അവിടെത്തന്നെ നിലനിർത്തി. പക്ഷേ ഓഫീസിൽ നിന്നും മാറ്റി മെസ്സിന്റെ ചുമതല ഏൽപ്പിച്ചു.

മൂന്ന് മാസത്തിന് ശേഷം ഞാൻ ഒരു ഔദ്യോഗിക ആവശ്യത്തിനാണ് ജലന്തറിലെത്തിയത്. കൃത്യനിർവഹണത്തിന് ശേഷം മടങ്ങാൻ തുടങ്ങുമ്പോൾ പവൻകുമാറിനെ ഒന്ന് കണ്ടാൽ കൊള്ളാം എന്ന് തോന്നി.

ഞാൻ അയാളെ കാണാൻ മെസ്സിന്റെ ഭാഗത്ത് ചെന്നു അല്പം അകലെ വച്ചുതന്നെ മറ്റുള്ളവരെ അധിക്ഷേപിച്ചു കൊണ്ടുള്ള അയാളുടെ സംസാരവും വില കുറഞ്ഞ വൃത്തികെട്ട തമാശകളും അവിടത്തെ അയാളുടെ ആരാധകരുടെ ചിരിയും പുകഴ്ത്തലും ഒക്കെ കേൾക്കാൻ കഴിഞ്ഞു. ആളിന് ഒരു മാറ്റവും ഇല്ല. ഞാൻ ജനാലയിലൂടെ അകത്തേക്ക് നോക്കി. അവരെല്ലാം പിൻതിരിഞ്ഞ് നിൽക്കുന്നതിനാൽ എന്നെ അവർക്ക് കാണാനാകുമായിരുന്നില്ല. അയാളുടെ വില കുറഞ്ഞ തമാശകൾ കേട്ട് മൂന്ന് നാല് ചെറുപ്പക്കാർ ചിരിക്കാതെ ഉരുളക്കിഴങ്ങ് ചുരണ്ടുന്ന ജോലിയിൽ വ്യാപൃതരായിരിക്കുന്നു.

അവർ പവൻകുമാറിന്റെ ആരാധകരല്ല എന്ന് എനിക്ക് മനസ്സിലായി. മറ്റുള്ളവർ അയാളുടെ ആട്ടും തുപ്പും ഏൽക്കുന്നുണ്ടെങ്കിലും അയാളെ പുകഴ്ത്താൻ മത്സരിക്കുന്നുണ്ടായിരുന്നു. എന്നാൽ ആ ചെറുപ്പക്കാർ തങ്ങളുടെ ജോലിയിൽ മാത്രം വ്യാപൃതരായിരുന്നു. കുപിതനായ പവൻകുമാർ അവരുടെ അടുത്തുചെന്നു. അവർ ചിരിക്കാത്തതിലും തന്നെ പുകഴ്ത്താത്തതിലും ഉള്ള അരിശം അയാളിൽ പെരുത്തു കയറി. അതിലൊരാൾ ചുരണ്ടിക്കൊണ്ടിരുന്ന ഉരുളക്കിഴങ്ങ് പിടിച്ചു വാങ്ങിക്കൊണ്ട് അയാൾ അലറി.... ''ബ്ലഡി ഫൂൾ ഇങ്ങനെയാണോ ഉരുളക്കിഴങ്ങ് ചെത്തുന്നത്. നിന്നെയൊക്കെ എന്തിന് കൊള്ളാം... തൊലി ചെത്തി കളയുന്നതോടൊപ്പം ഉരുളക്കിഴങ്ങിന്റെ ഭാഗങ്ങളും നഷ്ടപ്പെടുന്നു. അതിലൂടെ പ്രോട്ടീനും വൈറ്റമിനും ഒക്കെ നഷ്ടമാകുന്നു എന്നറിയാമോ.... എന്റെ ആരാധകരായ തെണ്ടികൾ ചെയ്യുന്നത് ആദ്യം കണ്ട് പഠിക്ക്. കോടീശ്വരനായ ഞാൻ തന്നെ എല്ലാം പറഞ്ഞ് തരണമെന്ന് വച്ചാൽ....''

തുടർന്ന് അയാൾ ഉരുളക്കിഴങ്ങിന്റെ മഹത്വത്തെപ്പറ്റി അവർക്ക് ഒരു ക്ലാസ്സ് എടുക്കാൻ തുടങ്ങി. ഞാൻ തിരിഞ്ഞു നടന്നു. എന്റെ മനസിൽ അന്നേരം ഓർമ്മവന്നത് ഒരു പഴഞ്ചൊല്ലാണ്.''പട്ടിയുടെ വാൽ പന്തീരാണ്ട് കൊല്ലം കുഴലിലിട്ടാലും നിവരുകയില്ല....''



അനുഭവക്കുറിപ്പ്

**പ്രശാന്തി പി. എൻ.,**
ഡെപ്യൂട്ടി ലൈബ്രേറിയൻ.

# ഓർമ്മയിൽ ഒരു ശമ്പളക്കവർ



നിയമസഭയിൽ കാറ്റലോഗ് അസിസ്റ്റന്റായി നിയമനം ലഭിച്ചപ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിൽ ജോലി കിട്ടിയതിന്റെ സന്തോഷമായിരുന്നു മനസ്സ് നിറയെ. ജോലിക്കായി എത്തിയ നാളുകളിൽത്തന്നെ ആ വ്യത്യാസം മനസ്സിലാകുകയും ചെയ്തു. അന്നോളം കണ്ടിട്ടുള്ള മറ്റ് സർക്കാർ ഓഫീസുകളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു അവിടത്തെ അന്തരീക്ഷം തന്നെ. തുടക്കത്തിൽ ഓഫീസുനുള്ളിലെമ്പാടും അന്തമില്ലാതെ നീണ്ടുകിടക്കുന്ന വിശാലമായ ഇടനാഴികൾ ഏറെ അമ്പരപ്പും ബുദ്ധിമുട്ടും ഉണ്ടാക്കിക്കൊണ്ടിരുന്നു. ചുറ്റിക്കാണലിനിടയിൽ ഇടയ്ക്കിടെ കാണുന്ന ലിഫ്റ്റുകളിൽ കയറി എവിടെയൊക്കെയോ ഇറങ്ങി. എല്ലായിടവും ഒരുപോലെയിരിക്കുന്നു! അന്തം വിട്ട് നിൽക്കുമ്പോൾ വല്ലാത്തൊരു വേവലാതിയോടെ തിരികെയുള്ള വഴി മനഃപാഠമാക്കാൻ ഓരോ പ്രാവശ്യവും മനസ്സിനെ ശട്ടം കെട്ടിക്കൊണ്ടിരുന്നു.

നിയമസഭാ സമ്മേളനം
നടക്കുന്ന നാളുകൾ അതിവിചിത്ര
മായിട്ടാണ് ആദ്യം തോന്നിയത്.
നമ്മുടെയൊക്കെ വീടുകളിൽ
കല്യാണ വട്ടങ്ങൾ ഒരുക്കുന്ന
തത്രപ്പാടിനോട് ഏതാണ്ടതിനെ
ഉപമിക്കാം എങ്ങും ഒരുക്കങ്ങളു
ടേയും ചമയങ്ങളുടേയും തിരക്കാ
യിരിക്കും. ഗവർണ്ണറുടെ നയ
പ്രഖ്യാപനവും റെഡ് കാർപ്പറ്റ്
വെൽക്കവും ബജറ്റ് അവതരണ
വുമൊക്കെ ശരിക്കും കൗതുക
മായി ഇന്നും മനസ്സിൽ തങ്ങുന്നു.
ആദ്യനാളുകളിൽ സബ്മിഷനും
ശ്രദ്ധക്ഷണിക്കലുമെന്നൊക്കെ
കേട്ട് പലപ്പോഴും പകച്ചിരുന്നു
പോയിട്ടുണ്ട്. അടിയന്തര
പ്രമേയവും സഭ ബഹിഷ്കരി
ക്കലും ഒക്കെയാണ് അന്നൊക്കെ
ആകെ അറിയാമായിരുന്നത്.
അതുകൊണ്ടു തന്നെ എന്നെ
പ്പോലെ പുതുതായി ജോലിയിൽ
പ്രവേശിച്ച സഹപ്രവർത്തകരു
മായി സഭ കാണാൻ ആ സമയം
തന്നെ തിരഞ്ഞെടുക്കാൻ
ശ്രദ്ധിക്കുമായിരുന്നു.

നിയമസഭാ സമ്മേളനം
നടക്കുന്ന ദിവസങ്ങളിലാകട്ടെ
വീട്ടിലാകെ ബഹളമയമായി
രിക്കും. അതിരാവിലെ ഉറക്ക
മെഴുന്നേറ്റ് അടുക്കള ജോലികൾ
തിരക്കിട്ട് തീർക്കുമ്പോൾ
ഞാനൊന്നും അറിഞ്ഞില്ലയെന്ന
മട്ടിൽ പുതച്ച് കിടക്കുന്ന ഭർത്താ
വിനെക്കാണുമ്പോൾ ദേഷ്യം
ഇരട്ടിക്കും. പിന്നെ പിള്ളാരെ
കുളിപ്പിച്ചൊരുക്കിയെടുത്ത്
ആഹാരം പാത്രങ്ങളിലാക്കി
ബസ് സ്റ്റോപ്പിലാക്കി അവിടെ
നിന്നും സഭ വരെ നീളുന്ന
ഒറ്റപ്പാച്ചിലാണ്. പലയിടത്തും
സിറ്റിയിലെ ട്രാഫിക്ക് തിരക്കു
കളിൽ കുടുങ്ങി ഓഫീസിലെ
ത്തുമ്പോൾ മിക്കവാറും ദിവസ
ങ്ങളിൽ ഹാജർ ബുക്ക് സെക്രട്ടറി
യുടെ മേശയിലേയ്ക്കുള്ള
പ്രയാണത്തിലായിരിക്കും.
അതിനെ വഴിയിൽ തടഞ്ഞു
നിറുത്തി അകത്ത് കയ്യൊപ്പ്
പതിപ്പിക്കുമ്പോഴാണ് ശ്വാസം
സാധാരണ ഗതിയിലാകുന്നത്.
അതിനുശേഷം വൈകിട്ട് കറങ്ങി
ത്തിരികെയെത്തുന്ന രജിസ്റ്ററിൽ
കാണുന്ന ഹരിതവർണ്ണത്തിലെ
ടിക് മാർക്ക് കാണുമ്പോഴത്തെ
സന്തോഷം വിവരിക്കാൻ വാക്കു
കളില്ല. ഇന്ന് അതൊക്കെ
തികച്ചും അന്യം നിൽക്കുന്നത്
പോലെ ഒരു തോന്നൽ. കാലം
കഴിയവേ പഞ്ചിംഗ് സംവിധാനം
നിലവിൽ വരികയും ഹാജർ
ബുക്ക് എവിടെയോ പൊടി
പിടിച്ച് ഗൃഹാതുരത്വം മുറ്റുന്ന
ഒരോർമയായി മാറുകയും
ചെയ്തു.

അതുപോലെ തന്നെ
മനസ്സിൽ കുളിരു പകരുന്ന
ഒരോർമ്മയാണ് ശമ്പളദിവസം
രാവിലെ പതിനൊന്ന് മണിയോട്
കൂടി പിടയ്ക്കുന്ന പച്ചനോട്ടു
കളുടെ ശമ്പളക്കവറുകൾ നിറച്ച്
എത്തുന്ന ആ കറുത്ത ബാഗ്.
ഓരോരുത്തരുടേയും പേരെഴു
തിയ കവറുകൾ തിരഞ്ഞെടുത്ത്
ഒപ്പിട്ട് വാങ്ങി പൊളിച്ച് കമ്മട്ട
ത്തിൽ നിന്ന് മഷി പതിഞ്ഞ്
പുറത്തിറങ്ങിയിട്ട് അധികനാളാ
വാത്ത പുത്തൻ നോട്ടുകളും
നാണയങ്ങളും എണ്ണിത്തിട്ടപ്പെടു
ത്തുമ്പോൾ കിട്ടുന്ന സന്തോ
ഷവും സംതൃപ്തിയുമൊന്നും
ഇപ്പോൾ കൃത്യമായി ഓരോ
മാസവും ഒന്നാം തീയതി മുറ
തെറ്റാതെ നമ്മളെത്തേടി
യെത്തുന്ന 'യുവർ അക്കൗണ്ട്
ഹാസ് ബീൻ ക്രെഡിറ്റഡ്
വിത്ത്.......''എന്ന മെസ്സേജിന്
പ്രദാനം ചെയ്യാൻ കഴിഞ്ഞിട്ടില്ല
എന്നത് കേവല സത്യവും.



കവിത

നന്ദുപ്രഭ
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്



# ഓർമ്മകളിലെ ഓണം

ഓർമ്മിക്കാനെന്നുമേറെയിഷ്ടം
ഓർമ്മകളിൽ നിറയുന്നൊരോണമാണ്.
തുമ്പയും കോളാമ്പിയും മുക്കുറ്റിയും കൊണ്ട്
അത്തമിടുന്നൊരു ഓണമാണ്.
ഊഞ്ഞാലിലങ്ങനെ ആടിയാടി
ആകാശം തൊട്ടൊരു കാലമുണ്ട്
കുപ്പിവളകളും പട്ടുപാവാടയും
ഏറെ ചിരിപ്പിച്ച കാലമുണ്ട്.
ഓണപ്പന്തും കയ്യിലേന്തി
ഓടിക്കളിച്ചൊരു കാലമുണ്ട്.
ചേച്ചിയും ചേട്ടനും വല്ല്യമ്മയുമെല്ലാം
തീവണ്ടിയിലൊരു വരവുമുണ്ട്
അതുവരെ അങ്ങനെ കാത്ത് കാത്ത്
ഉമ്മറപ്പടിയിൽ ഞാനുമുണ്ട്
ഉപ്പേരി, അച്ചപ്പം, ചെണ്ടമുറിയിൻ
കലപില കൂട്ടിയ അടുക്കളയും
ഉത്രാടപ്പാച്ചിലും പുലികളിയും
കണ്ട് ആർത്തുചിരിച്ചൊരു ബാല്യമുണ്ട്.
ഓണത്തിന്നും മാധുര്യമേറുന്ന –
തോണസ്മൃതികൾതൻ വർണ്ണമത്രേ!



കഥ

**പ്രീത സി. എസ്.**
ഓഫീസ് സൂപ്രണ്ട്



# ആ വീട്

ആ വീട് ആരുടെയോ വീട്..... ഇപ്പോൾ അവിടെ ആരാണ് താമസിക്കുന്നതെന്നറിയില്ല. ഒരു കാലത്ത് ഓട് മേഞ്ഞ വീടായിരുന്നു അതെന്ന് അയാൾക്ക് നന്നായറിയാം. ഇപ്പോൾ പൊളിഞ്ഞ ചില കട്ടളകൾ മാത്രം ചുവരുകളിൽ അവിടവിടെ ഉന്തി നിൽക്കുന്നു. ചുറ്റും രാത്രികളിൽ പെരുച്ചാഴികൾക്ക് പേടിക്കാതെ സ്വതന്ത്രമായി വിഹരിക്കാം. അത്രത്തോളം കാടു പിടിച്ചു കിടക്കുന്ന പുരയിടം. ഒന്നു നോക്കിയാൽ അസ്ഥികൾ പോലും ജീർണ്ണിച്ച് മണ്ണടിഞ്ഞ ഒരു കുടുംബത്തിന്റെ അവശിഷ്ടം തലയുയർത്തി നിൽക്കുന്നു എന്ന് ആർക്കും തോന്നിപ്പോകും. ചുറ്റും മണിമാളികകൾ ധാരാളമുണ്ട്. അതിന്റെ നടുവിലെന്താ ഈ വീടിങ്ങനെ എന്ന് ബസ്സിലിരുന്ന് അയാൾ കുറേനേരം ആലോചിച്ചു.

പത്തു മുപ്പതു വർഷത്തിനു ശേഷമുള്ള വരവാണ്. ആ പ്രദേശം അയാൾക്ക് മാറ്റങ്ങളുടെ ദൃശ്യങ്ങൾ പൊതുവെ നൽകിയെങ്കിലും ആ വീട് മാത്രം പല ആലോചനകളുടെയും വേലിയേറ്റത്തിൽ അയാളെ എത്തിച്ചു. ആ വീടിനെ തന്നെ നോക്കിയിരിക്കുന്ന അയാളെ ശ്രദ്ധിച്ചിട്ട് പിൻസീറ്റിലിരുന്നയാൾ പരിഹാസമെന്നോണം പറഞ്ഞു.

''തീക്കട്ടയിലും ഉറുമ്പരിക്കും അല്ലേ.....'' ആരാണതു പറഞ്ഞതെന്ന് തിരിഞ്ഞു നോക്കാതെ സത്യൻ ഒന്നൂഹിച്ചു. ആ വീടിന്റെ പതനം ആഗ്രഹിച്ചവരിൽ ഒരാൾ തന്റെ പിന്നിൽത്തന്നെ ഇരിപ്പുണ്ട്.

അയാൾ പറഞ്ഞു, ''ഞാൻ വിചാരിച്ചത് അങ്ങനെയല്ലായിരുന്നു. തലമുറകൾ വിദേശത്തായാലും നാട്ടിലെ വീടിന് ഇതുതന്നെ ഗതി''.

അതിന് അയാൾ മറുപടി പറയാതെ അടുത്ത സ്റ്റോപ്പിൽ ഇറങ്ങിപ്പോയി.

സത്യനും അയാളുടെ പിറകേ ഇറങ്ങി നടന്നു.....

അനേകലക്ഷങ്ങൾ മുടക്കി വലിയ വീട് വാങ്ങുന്നതിനേക്കാൾ അധികം മുതൽമുടക്കില്ലാതെ ആ വീട് കിട്ടിയെങ്കിൽ കൊള്ളാമെന്ന് സത്യന് തോന്നി. വേറൊന്നും വിചാരിക്കാതെ ആ വീടിനടുത്തുള്ള വീട്ടിൽ തിരക്കിയപ്പോൾ അറിഞ്ഞു. തൊട്ടു പിറകിലിരിക്കുന്ന വീട്ടിലാണ് ഇപ്പോൾ ആ വീട്ടിലെ വയസ്സായ അപ്പനും അമ്മയും മകനും വാടകക്ക് താമസിക്കുന്നതെന്ന്.

അങ്ങനെ സത്യൻ പിറകിലെ വീട്ടിലെത്തി അവിടെയുണ്ടായിരുന്ന ഒരു കുഞ്ഞ് ഉറക്കെ പറഞ്ഞു. ''അപ്പൂപ്പനെ കാണാൻ ആരോ വന്നിരിക്കുന്നു''

ഉണങ്ങി വയസ്സായ തന്റെ മാഷ് മുന്നിൽ വന്നപ്പോൾ അയാൾക്ക് പറയാൻ ഒരു വാക്കും കിട്ടിയില്ല. എന്നാലും ചോദിച്ചു. ''ആ വീട് വിൽക്കുമോ ?''

വയസ്സൻ പറഞ്ഞു. ''വിൽക്കും..... ഒരു വില പറയൂ''.

പുരയിടം എത്രകാണും എന്നയാൾ ഒരു ചോദ്യം ചോദിച്ചു. അതിന് മറുപടിയൊന്നും വന്നില്ല.....

അയാൾ ഒറ്റവാക്കിൽ പറഞ്ഞു. അഞ്ചു ലക്ഷം. അതു കേട്ടിട്ട് കസേരയിൽ പതിയെ ഇരുന്ന വയസ്സൻ ആ മനുഷ്യനെ ശ്രദ്ധിച്ചൊന്നു നോക്കി.....

''കാരണമുണ്ട്..... ആരും ഒരു ലക്ഷം പോലും വില പറയുന്നില്ല''.

ആ നോട്ടം കണ്ടിട്ട് സത്യൻ പറഞ്ഞു. ''മാഷെ, മാഷ് ചെറുപ്പത്തിലെ പഠിപ്പിച്ച സത്യനാണ് ഞാൻ മനസ്സിലായോ''

പാരമ്പര്യത്തിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞ് വഴിപോക്കർ എന്ന് വിശേഷിപ്പിക്കാവുന്ന തന്റെ കുടുംബത്തിന്റെ പതനകഥ ആ മനുഷ്യൻ സങ്കടത്തോടെ പറഞ്ഞു കേൾപ്പിച്ചു.

''ഈ വീട്ടിൽ ഒരു മുറിയിലാണ് ഞങ്ങൾ മൂന്നുപേരും വാടകയ്ക്ക് ഇപ്പോൾ താമസിക്കുന്നത്. കാരണം മറ്റൊന്നുമല്ല. ഞങ്ങളുടെ വേരുകൾ പിഴുതെറിയാൻ കയറി വന്നവരെ ഞങ്ങൾ വാസ്തവമായി കുറേക്കാലം അറിഞ്ഞില്ല അതാണു സത്യാ സത്യം''.

ആ വൃദ്ധദമ്പതികൾ പറഞ്ഞു. ''വീട്ടിൽ പണത്തിനു മുട്ടില്ലാതെ പല വഴിക്കും പണം വന്നപ്പോൾ അവൾ ഐശ്വര്യമുള്ളവൾ എന്ന് ആദ്യമേ ഞങ്ങൾ വിധിയെഴുതി. ദേഷ്യം പൊന്തിയാൽ തുപ്പൽ തൊട്ട് ചമ്മന്തിയരച്ചു വിളമ്പും.... നമ്മളറിയാതെ... ഇനിയൊന്നും പറയേണ്ടല്ലോ സത്യാ കുടുംബിനിയെക്കുറിച്ച് മനസ്സിലാകാൻ.

അവളെ അവളുടെ സഹോദരൻ വന്നു കൊണ്ടു പോയി....., ഈ ഒരു മുറിയിൽ ഞങ്ങളും. ബാക്കിയെല്ലാം നശിച്ചു, പാരമ്പര്യത്തിന്റെ അഭിമാനം ഉൾപ്പടെ..., പാരമ്പര്യത്തെ തോൽപ്പിച്ച് വിഴുങ്ങിക്കളഞ്ഞ പരമ്പര കാരണമാണ് ആ വീട് ഇത്തരത്തിൽ ജീർണ്ണിച്ചുപോയത്.....''

മാഷ് പറയുംമുമ്പെ ഞാനത് ഊഹിച്ചു. ''ഈ കുഞ്ഞുങ്ങൾ മാഷിന്റെ ആരാ...?'

''നിനക്കറിഞ്ഞുകൂടെ, ഇത് പാദുഷയുടെ വീടാണ്. അവന്റെ മക്കളാണ് ഇവർ രണ്ടുപേരും. ഇരട്ടക്കുട്ടികളാ. അങ്കുവും കെലുവും. ഹിന്ദുവിനെയാണവൻ കല്യാണം കഴിച്ചത്. വെളിയിൽ ഇവർക്ക് അബൂബക്കർ, ഷബ്നം എന്ന പേരുകളാണ്. അവർ ഇത്രയും നേരവും നമ്മൾ പറയുന്നത് എല്ലാം ശ്രദ്ധിച്ചുകൊണ്ടിരുന്നു''.

''അതുകൊണ്ടാണ് ഞാനിവരെപ്പറ്റി ചോദിച്ചത്''.

''ഞാനും അത് ശ്രദ്ധിച്ചു''

''ആ നിൽക്കുന്ന മൂപ്പുള്ള കുട്ടി ആരാണ് ?''

''നീ മിടുക്കൻ തന്നെ അവന് 10 വയസ്സേ ഉള്ളൂ, എങ്കിലും അവന്റെ മൂപ്പ് നീ കണ്ടുപിടിച്ചുവല്ലോ. അത് പാദുവിന്റെ സഹോദരി ആമിനയുടെ മകൻ.... റൈമുദ്ദീൻ.

അവൾ ഒരു ഭർത്താവിന്റെ കൂടെ മാത്രം ജീവിക്കാം എന്നും പറഞ്ഞ് കുഞ്ഞിനേം കൊണ്ടിങ്ങു പോന്നതാ. കെട്ടിയോൻ മാനിക്കാൻ കൊള്ളാത്തവനാ. കുഞ്ഞിന്റെ മൂപ്പു മനസ്സിലാക്കിയിട്ട് അവൾക്ക് അവനേം കൊണ്ടിങ്ങു പോരേണ്ടിവന്നു പോംവഴിയുണ്ടാക്കാൻ. കുഞ്ഞിലേ അവൻ സമപ്രായക്കാരിയോടെന്നപോലെയാ അവളോട്. അവൾക്ക് സർക്കാരാഫീസിൽ ജോലിയുണ്ട്. അവിടെ നിന്നിരുന്നെങ്കിൽ അവൾക്ക് എവിടെയെങ്കിലും ബോംബ് കൊണ്ട് എത്തിക്കേണ്ടി വന്നേനെ, അതോടെ അവളുടെ ജീവിതം നാമാവശേഷമായേനെ. മുസൽമാന്റെ മാത്രം പ്രശ്നമല്ലിത്. ക്രിസ്ത്യാനിയിലും, ഹിന്ദുവിലും ഉള്ള ഈ പ്രശ്നങ്ങൾ ആരും അറിയാത്തതാണ്. അങ്ങനെ പോകുന്നു സത്യാ ഈ ചെക്കെപാടം ദേശത്തിന്റെ പുതിയ കഥകൾ..... അനുഭവമുള്ളവർക്ക് അനുഭവജ്ഞാനം, മറ്റുള്ളവർക്ക് കേട്ട് കേട്ടുള്ള ജ്ഞാനം''.

ഇത്രയുമായപ്പോൾ പിള്ളാരുടെ അമ്മ വെളിയിൽ വന്നു..... അവരെ കണ്ട് അതിശയത്തോടെ സത്യൻ പറഞ്ഞു.....

''ഓ ! ഇതവളുടെ ബാഗ്.'' ''ബാഗൊ..... അതെന്ത് ?''

''ഗീതയെന്നല്ലേ ഇവളുടെ പേര്, എന്റെ പെണ്ണിന് പഠിക്കുമ്പോഴേ ഇവളുടെ ബാഗിലാ നോട്ടം. ഇപ്പഴും ഏത് കടയിൽ കയറിയാലും ആ ബാഗുണ്ടോന്നേ തെരയൂ..... കിട്ടണ്ടേ. കിട്ടിയതും കൊണ്ട് കടയിൽ നിന്നിറങ്ങും''.

അതുവരെ വിഷാദം നിറഞ്ഞ ആ മുറിയിൽ പൊട്ടിച്ചിരികൾ മുഴങ്ങി. ''എങ്കിലും കുറേപേരെ പഠിപ്പിച്ചതിൽ ഒരാളെങ്കിലും ഉണ്ടായല്ലോ നന്ദിയുള്ളവനായിട്ട്''.

ആ വീടും പുരയിടവും കുഞ്ഞിന് ഇഷ്ടമുള്ള വില തന്നിട്ട് എടുത്തോളൂ. ആ വീട്ടിൽ ഒരു മൂധേവി ഇനി താമസിക്കാതിരുന്നാൽ മതി. അതേ ഉള്ളൂ ആ വീടിനെക്കുറിച്ച് ഇനിയുള്ള ആഗ്രഹം.

അഡ്വാൻസായി 5000 രൂപ ഉടൻ മാഷിന്റെ കയ്യിൽ കൊടുത്തിട്ട് മൂന്നു മാസത്തിനകം എത്താം എന്നും പറഞ്ഞ് സത്യൻ അടുത്ത ബസിനു വേണ്ടി സ്റ്റോപ്പിലേക്ക് നീങ്ങി.

കവിത

**DR. മഞ്ജു പി.യു.**
അസിസ്റ്റന്റ് ലൈബ്രേറിയൻ Gr II



# സ്വർഗ്ഗമായോരിടം

ഇത് ഞാൻ പിറന്നോരിടം
ഭൂമിയെന്ന സ്വർഗ്ഗമായോരിടം
എന്റേതായിരുന്നിട്ടും
ഞാനിനിയുമറിഞ്ഞിട്ടില്ലാത്തോരിടം
ഇവിടെ പുലരി പിറക്കുന്നതെനിയ്ക്കുവേണ്ടി
സന്ധ്യ മയങ്ങുന്നതെനിയ്ക്കുവേണ്ടി
വിണ്ണിലെ മേഘം മഴയായ്
മണ്ണിനെ പുൽകുന്നതെനിയ്ക്കുവേണ്ടി
സുഷുപ്തിയിലാണ്ടൊരു ജീവൻ
പുനർജ്ജനിതേടി പൂവായ്
വിരിയുന്നതെനിയ്ക്കുവേണ്ടി
കുളിർതെന്നലിൻ തലോടലുമെനിയ്ക്കായ്
മഴചേർന്നു പുഴയായി
പുഴചേർന്നു കടലായി, തിരയായി
നൃത്തമാടുന്നതുമെനിയ്ക്കായ്
വിണ്ണിൻ പൂങ്കാവനത്തിലെ-
ആ താരശോഭയുമെനിയ്ക്കായ്
ഇവിടെയൊരു പുൽനാമ്പു-
കിളിർക്കുന്നതുപോലുമെനിയ്ക്കായ്
ഞാനിതൊന്നുമറിയുന്നീല
ഞാനലയുകയാണ്, ഏതോ-
മൂഢസ്വർഗ്ഗം തേടി,
എനിയ്ക്കായ് പുലരുന്ന പുലരികളേ
ഞാനറിയുന്നില്ല നിൻ സൗന്ദര്യം
പിന്നെയും ഞാനലയുകയാണേതോ-
മൂഢസ്വർഗ്ഗം തേടി,
ഇത് ഞാൻ പിറന്നോരിടം
ഭൂമിയെന്ന സ്വർഗ്ഗമായോരിടം.

പുസ്തകാസ്വാദനം

**ഡോ. വിഷ്ണുമായ ആർ.എസ്.**
കാറ്റലോഗ് അസിസ്റ്റന്റ്






# ചരിത്രം അദൃശ്യമാക്കിയ മുറിവുകളിലേക്ക്– ഒരു അവലോകനം

ഓരോ വായനയും ഓരോ യാത്രയാണ്. ഒരു പുസ്തകം വായിക്കുമ്പോൾ, അതിലെ വാക്കുകൾ മനസ്സിൽ ഉൾക്കൊണ്ട് മറ്റൊരാളുടെ ജീവിതത്തിലൂടെ, അവരുടെ സുഖ- ദുഃഖങ്ങളിലൂടെ നമ്മളും സഞ്ചരിക്കുന്നു. പ്രശ്നങ്ങളുടെയും സംഘർഷങ്ങളുടെയും ദുരന്തങ്ങളുടെയും അമാനവികമായ ഒരു ലോകത്തിലൂടെ നമ്മളും സഞ്ചരിക്കുന്നതായി തോന്നും. 'ചരിത്രം അദൃശ്യമാക്കിയ മുറിവുകൾ' എന്ന സുധാ മേനോന്റെ പുസ്തകത്തിൽ എന്നെ ആകർഷിച്ചത് ശീർഷകം തന്നെയാണ്. ചരിത്രത്തിൽ രേഖപ്പെടുത്താതെപോയ ഇരകളുടെ ഓർമ്മപ്പുസ്തകമാണിത്. നഷ്ടപ്പെട്ടുപോയ ബാല്യങ്ങളുടെ, ചിറകരിഞ്ഞ സ്വപ്നങ്ങളുടെ, നിത്യമായ വിശപ്പിന്റെ, അതിരില്ലാത്ത നിസ്സഹായതയുടെ കനലെരിയുന്ന ഓർമ്മകൾ നിരത്തുന്ന ഹൃദയസ്പർശിയായ പുസ്തകം.

2003 മുതലുള്ള നീണ്ട കാലയളവിൽ എഴുത്തുകാരി ഗവേഷകയായും പ്രോഗ്രാം മാനേജരായും കൺസൾട്ടന്റ് ആയും പ്രവർത്തിച്ചത് ഇന്ത്യ, പാകിസ്താൻ, ശ്രീലങ്ക, അഫ്ഘാനിസ്ഥാൻ, നേപ്പാൾ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ ഏറ്റവും നിർധനരും നിസ്സഹായരുമായ സ്ത്രീകൾക്കിടയിലായിരുന്നു. നമ്മളിൽ നിന്നും മറയ്ക്കപ്പെട്ട അദൃശ്യമായ ഒരു ലോകം ആ സ്ത്രീകളിലൂടെ എഴുത്തുകാരിക്കു



മുന്നിൽ അനാവരണം ചെയ്യപ്പെട്ടു. ഭരണകൂടം ധാർമിക ചുമതലകളിൽ നിന്ന് ഒളിച്ചോടുകയും നിരാലംബരായ മനുഷ്യരെ വെറും ഇരകളാക്കി മാറ്റുകയും ചെയ്യുന്നതിന്റെ നേർകാഴ്ചയാണ് എഴുത്തുകാരി ഈ രാജ്യങ്ങളിൽ കണ്ടത്. വഴിയിൽ പിടഞ്ഞു വീണു മരിച്ച കുട്ടികളും ബലാത്സംഗത്തിന് ഇരകളായ പെൺകുട്ടികളും കല്ലെറിഞ്ഞു കൊല്ലപ്പെട്ട യുവതികളും ആത്മഹത്യ ചെയ്ത അനേകം മനുഷ്യരുമൊക്കെ പാഴ്ജന്മങ്ങൾ മാത്രമാകുന്ന വേദനാജനകമായ അവസ്ഥ!

2008 മുതൽ 2015 വരെ ദക്ഷിണേന്ത്യൻ രാജ്യങ്ങളിലെ യുദ്ധങ്ങളുടെയും വംശീയ കലാപങ്ങളുടെയും ഭൂകമ്പങ്ങളുടേയുമൊക്കെ ഇരകളായ സ്ത്രീകളെ പ്രാദേശികമായി സംഘടിപ്പിച്ച് സ്വയംപര്യാപ്തരാക്കുന്ന വിശാലമായ ഒരു പദ്ധതി ആയിരുന്നു എഴുത്തുകാരിയുടേത്. ഈ പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത് ആറ് അദ്ധ്യായങ്ങളിലൂടെയാണ്.

ഇതിൽ ആദ്യത്തെ അദ്ധ്യായം (ശ്രീലങ്ക: മീൻപാടും തേൻ രാജ്യം), വംശീയയുദ്ധം പൂർണമായും തകർത്തുകളഞ്ഞ കിഴക്കൻ ശ്രീലങ്കയിലെ 'ബാട്ടിക്കളോവ' എന്ന പ്രദേശത്തിലെ ഇരകളായ സ്ത്രീകളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ജീവിതത്തിൽ ഒരുപാട് ദുരന്തങ്ങളും വിഷമതകളും നേരിട്ട ജീവലത എന്ന തമിഴ് സ്ത്രീയുടെ പച്ചയായ ജീവിത അനുഭവങ്ങളാണ് എഴുത്തുകാരി ഹൃദയത്തിന്റെ ഭാഷയിൽ വിവരിക്കുന്നത്. ചരിത്രത്തിൽ ഒരിക്കലും രേഖപ്പെടുത്താത്ത ഒട്ടനവധി മുറിവുകളാണ് യുദ്ധങ്ങളും വംശഹത്യയും ഉണ്ടാക്കുന്നതെന്ന് മനസ്സിലാക്കാൻ അമ്പതു വയസ്സുകാരിയായ ജീവലതയെ അറിഞ്ഞാൽ മതിയെന്ന് എഴുത്തുകാരി സൂചിപ്പിക്കുന്നു. സിംഹളപട്ടാളക്കാരുടെ കൊടുംക്രൂരതയിൽ ഉറ്റവരെ നഷ്ടപ്പെട്ടുപോയ സാധുസ്ത്രീ! കുട്ടിക്കാലത്തു പഠിക്കാൻ മിടുക്കിയായിരുന്ന, ഡോക്ടറാകാൻ കൊതിച്ച ജീവലതയ്ക്ക് തന്റെ സ്വപ്നങ്ങൾ ഉപേക്ഷിച്ചു പതിനഞ്ചാം

നമ്മളിൽ നിന്നും മറയ്ക്കപ്പെട്ട അദൃശ്യമായ ഒരു ലോകം ആ സ്ത്രീകളിലൂടെ എഴുത്തുകാരിക്കു മുന്നിൽ അനാവരണം ചെയ്യപ്പെട്ടു. ഭരണകൂടം ധാർമിക ചുമതലകളിൽ നിന്ന് ഒളിച്ചോടുകയും നിരാലംബരായ മനുഷ്യരെ വെറും ഇരകളാക്കി മാറ്റുകയും ചെയ്യുന്നതിന്റെ നേർകാഴ്ചയാണ് എഴുത്തുകാരി ഈ രാജ്യങ്ങളിൽ കണ്ടത്.

വയസ്സിൽ തന്നെക്കാൾ ഇരട്ടി പ്രായമുള്ള ഒരാളുടെ ഭാര്യയാകേണ്ടി വന്നു. പട്ടാളക്കാരുടെ ബലാത്സംഗം ഭയന്നായിരുന്നു ജീവലതയുടെ അമ്മ തൊട്ടടുത്ത വീട്ടിലെ യുവാവിന് വിവാഹം കഴിപ്പിച്ചു കൊടുത്തത്. ശ്രീലങ്കയിൽ സിംഹളർ ബലാത്സംഗം ചെയ്യാത്ത എത്ര തമിഴ് പെൺകുട്ടികൾ ബാക്കിയുണ്ടായിരുന്നു എന്നത് ചരിത്രം! ജീവലതയ്ക്ക് തന്റെ അമ്മയെ നഷ്ടപ്പെട്ടു, ഭർത്താവ് നാട് വിട്ടു പോയി. പറക്കമുറ്റാത്ത മൂന്നു കട്ടികളുമായി അവൾ ജീവിതത്തിനു മുന്നിൽ പകച്ചു നിന്നു. പിന്നീട് ഒരു മകനെയും നഷ്ടപ്പെട്ടു. മകളെയും ഇളയ മകനെയും കഷ്ടപ്പെട്ടു വളർത്തി മെച്ചപ്പെട്ട വിദ്യാഭ്യാസവും നൽകി. എന്നാൽ, സിംഹള പട്ടാളക്കാരുടെ ക്രൂരബലാത്സംഗത്തിന് ഇരയായ മകൾ മണിമേഖലയുടെ ചേതനയറ്റ ശരീരം കണ്ടപ്പോൾ ജീവലത എന്ന അമ്മയ്ക്ക് അത് ഒരിക്കലും താങ്ങാനാവുന്നതായിരുന്നില്ല.

ഈ അദ്ധ്യായത്തിൽ കരളലിയിപ്പിക്കുന്ന ജീവലതയുടെ വാക്കുകളുണ്ട്. 'മണിമേഖല  കുഞ്ഞായിരിക്കുമ്പോൾ മീൻകറി കഴിക്കില്ലായിരുന്നു. യുദ്ധത്തിൽ കൊല്ലപ്പെടുന്ന കുഞ്ഞുങ്ങളാണ് മൽസ്യങ്ങളായി പുനർജനിക്കുന്നതെന്നു അവളോട് ടീച്ചർ പറഞ്ഞിട്ടുണ്ടത്രേ..... കല്ലടിപ്പാലത്തിന് അരികിൽ നിലാവുള്ള രാത്രിയിൽ ഇടയ്ക്കു കേൾക്കാറുള്ള മീനുകളുടെ ഇമ്പമുള്ള പാട്ടില്ലേ? ആ മീനുകൾ യുദ്ധത്തിൽ മരിച്ചു പോയ കുഞ്ഞുങ്ങളുടെ ആത്മാവുകൾ ആണെന്ന് മണിമേഖല പലപ്പോഴും പറയും. അവർ രാത്രിയിൽ വെറുതെ പാട്ട് പാടുന്നതല്ല പോലും; അമ്മമാരെ വിളിച്ചുകരയുന്നതാണ്.....

ഞാൻ ഇപ്പൊ കൊക്കടിച്ചോലയിൽ നിന്നും കല്ലടിയിലേക്ക് പോകാറില്ല.....' മീൻ പാടും പാട്ട് ' ഒരിക്കലും കേട്ടിട്ടും ഇല്ല. ഒരു പക്ഷേ... ഒരു പക്ഷേ..... ആ പാട്ട് പാടുന്ന മീൻ എന്റെ മകൾ ആണെങ്കിലോ?' ഈ വാക്കുകളിലൂടെ ഒരു അമ്മയുടെ നൊമ്പരം എത്രമാത്രമാണെന്ന് വായനക്കാരന് ഊഹിക്കാവുന്നതേ ഉള്ളൂ!

രണ്ടാമത്തെ അദ്ധ്യായം (പാകിസ്താൻ: അപഹരിക്കപ്പെട്ട ആകാശങ്ങൾ), അന്യ പുരുഷനുമായുള്ള ബന്ധത്തിന് ആരോപണവിധേയരായ സ്ത്രീകളെ മരണം വരെ കല്ലെറിഞ്ഞു കൊല്ലുന്ന 'കാരോക്കാരി' എന്ന പ്രാകൃത ശിക്ഷാവിധിയാണ് വിവരിക്കുന്നത്. ദുരഭിമാന ക്കൊലയുടെ സിന്ധി നാമമായ 'കാരോക്കാരി' പാകിസ്താനിലെ ഏറ്റവും നികൃഷ്ടമായ മത-സാമൂഹിക ആചാരമാണ്. സൈറ എന്ന സ്ത്രീയുടെ കൊടിയ അനുഭവങ്ങളിലൂടെയാണ് എഴുത്തുകാരി ഈ അവസ്ഥ എത്ര ക്രൂരമായിരുന്നെന്ന് മനസ്സിലാക്കുന്നത്.

മൂന്നാമത്തെ അദ്ധ്യായം (അഫ്ഘാനിസ്ഥാൻ: കൊടുങ്കാറ്റിൽ ഉലയാത്ത ഒറ്റമരങ്ങൾ), അഫ്ഘാനിസ്ഥാനിലെ രാഷ്ട്രീയ സാഹചര്യങ്ങൾ പർവീൻ എന്ന സ്ത്രീയുടെ ഹൃദയസ്പർശിയായ ജീവിതത്തിലൂടെയാണ് എഴുത്തുകാരി വിശദമാക്കുന്നത്. അവിടുത്തെ സാധു സ്ത്രീകളെക്കുറിച്ചോർക്കുമ്പോൾ, അവരുടെ കുഞ്ഞുങ്ങളെക്കുറിച്ചോർക്കുമ്പോൾ, താലിബാന്റെ കീഴിൽ അവരുടെ ഭാവിയെക്കുറിച്ചോർക്കുമ്പോൾ നെഞ്ച് പിളർക്കുന്ന അവസ്ഥയാണെന്ന് എഴുത്തുകാരി സൂചിപ്പിക്കുന്നു.

ബംഗ്ലാദേശിലെ തൊഴിൽശാലകളിൽ രാത്രിയാകുംവരെ കുപ്പായങ്ങൾ തുന്നുന്ന സാധു സ്ത്രീകളുടെ ദുരിതജീവിതത്തിന്റെ നേർകാഴ്ചയാണ് ഈ പുസ്തകത്തിലെ നാലാം അദ്ധ്യായം (ബംഗ്ലാദേശ്. ഷർട്ടുകളുടെ ഗാനം). 2013-ൽ ബംഗ്ലാദേശിന്റെ തലസ്ഥാനമായ ധാക്കയിൽ 'റാണാ പ്ലാസ' എന്ന പഴഞ്ചൻ കെട്ടിടം തകർന്നു വീണപ്പോൾ അവിടുത്തെ തൊഴിൽശാലകളിൽ ജോലി ചെയ്തിരുന്ന ആയിരത്തിലധികം പാവം മനുഷ്യരാണ് ചതഞ്ഞു മരിച്ചത്. ലോകപ്രശസ്തമായ നിരവധി റെഡിമേഡ് ബ്രാൻഡുകൾക്കു വേണ്ടി തുച്ഛമായ കൂലിയിൽ വസ്ത്രങ്ങൾ തുന്നിയിരുന്ന സാധുമനുഷ്യരുടെ കുടുംബത്തിന് ഈ അന്തർദേശീയ കമ്പനികളിൽ നിന്നും നഷ്ടപരിഹാരം ലഭിക്കാൻ തൊഴിലാളി യൂണിയനുകൾക്ക് നിരന്തരം സമരം ചെയ്യേണ്ടി വന്നു. മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങളെ സന്ദർശിച്ചപ്പോഴുണ്ടായ വേദന എഴുത്തുകാരിക്ക് മറക്കാനാവാത്ത അനുഭവമായിരുന്നെന്ന് ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നു.

അഞ്ചാമത്തെ അദ്ധ്യായം (അതിർത്തി കടന്നെത്തുന്ന ചിലന്തികൾ), ഭൂകമ്പത്തിനു ശേഷം എഴുത്തുകാരി സന്നദ്ധ സംഘടനയുടെ പ്രവർത്തകയായി നേപ്പാൾ സന്ദർശിച്ചപ്പോൾ കണ്ടുമുട്ടിയ ഒരു നേപ്പാളി പെൺകുട്ടിയുടെ കരൾ പിളർക്കുന്ന ജീവിതകഥയാണ് വിവരിക്കുന്നത്. വളരെ ചെറുപ്രായത്തിൽതന്നെ ചതിയിൽ അകപ്പെട്ട് ലൈംഗിക ത്തൊഴിലാളിയായി മുംബൈയിലെ കാമാത്തിപുരയിൽ എത്തിപ്പെട്ട ഒരു കൗമാരക്കാരി കടന്നു പോയ തീവ്രാനുഭവങ്ങൾ എത്രത്തോളമായിരുന്നെന്ന് എഴുത്തുകാരി വിശദീകരിക്കുന്നുണ്ട്.

ആറാമത്തെ അദ്ധ്യായം (ഇന്ത്യ: മരണഗന്ധമുള്ള പരുത്തിപ്പാടങ്ങൾ), കടക്കെണിയിൽ വീണു ആത്മഹത്യ ചെയ്യേണ്ടി വന്ന ഒരു ഇന്ത്യൻ കർഷക വിധവയുടെ സമാനതകൾ ഇല്ലാത്ത ദുരിതത്തിന്റെ നേർക്കാഴ്ചയാണ് എഴുത്തുകാരി ഹൃദയസ്പർശിയായി എഴുതിയിരിക്കുന്നത്.

ഈ ആറു രാജ്യങ്ങളിലെയും സ്ത്രീകളുടെ അനുഭവങ്ങൾ വിഭിന്നമാണെങ്കിലും അവർ നേരിടേണ്ടിവന്ന അനീതി, നിരാശ, അനാഥത്വം എല്ലാം സമാനതകൾ നിറഞ്ഞതായി തോന്നും. ചരിത്രത്തെയും ഭൂമിശാസ്ത്രത്തെയും രാഷ്ട്രീയത്തെയും ലംഘിക്കുന്ന ഒരു ഏകത ഇവരുടെ അനുഭവങ്ങളിൽ നമുക്ക് കാണാൻ സാധിക്കും. ഈ പുസ്തകം നൽകിയ വായനാനുഭവത്തെ പൂർണമായി എഴുതുന്നത് പ്രയാസമേറിയ ഒന്നാണ്. വാക്കുകളിൽ പ്രതിഫലിപ്പിക്കാനാവാത്ത ചിലത് മനസ്സിൽ അവശേഷിക്കുമല്ലോ! 'ചരിത്രം അദൃശ്യമാക്കിയ മുറിവുകൾ' എന്ന ഈ പുസ്തകം തീർച്ചയായും എല്ലാ വായനക്കാരും വായിച്ചിരിക്കേണ്ടതാണ്.

കവിത

**രമേശ് ഡി. നായർ**
ഓഫീസ് അറ്റൻഡന്റ്



# മലയാളി

മലയാളിയില്ലാത്ത
മലയാളമില്ലാത്ത നാടുണ്ടോ
പച്ച മലയാളം ചൊല്ലാത്ത ദേശമുണ്ടോ
ഉത്തരമുണ്ടതിനുത്തരമുണ്ട്
പിന്നാലെ ഞാനത് ചൊല്ലിത്തരാം
ചന്ദ്രനിലിറങ്ങിയ ആംസ്ട്രോങ്ങിനൊപ്പം
കൈതൊട്ടു കൂടെ നടന്നതും
മലയാളിയെന്നൊരു ചൊല്ലുണ്ട്
ഹിമത്തിലുമുണ്ട് തപത്തിലുമുണ്ട്
ധ്രുവങ്ങളേതിലുമുണ്ട് മലയാളി
ആരും പിറക്കാത്ത വത്തിക്കാനിലും
സംഘർഷഭൂമിയാം പാലസ്തീനിലുമുണ്ട്
ആഡംബരത്തിനു പേരുകേട്ട
ടർക്കസ് ആൻഡ് കൈക്കോസ്
ദ്വീപിലുമുണ്ട് മലയാളി
എല്ലായിടവുമടക്കി വാഴുമ്പോഴും
ഉത്തരകൊറിയയിലെന്തേയില്ലാതെപോയ്
ശത്രുരാജ്യത്തിലും മിത്രരാജ്യത്തിലും
ഒന്നാമനാകുന്നു മലയാളി
അങ്ങനെയങ്ങനെ മലയാളിതൻ മഹത്വം
വർണ്ണിക്കാനാകില്ല സോദരരേ.

**ലേഖനം**

**വിക്രമൻ സി.**
ബയിന്റർ



# 'തൊഴിലിടങ്ങളിലെ നീതിബോധം'



മനുഷ്യന്റെ ജീവിതോപാധിയാണ് തൊഴിൽ. കേരളീയ സമൂഹത്തിൽ പല വിധത്തിലുള്ള തൊഴിലിടങ്ങൾ ദൃശ്യമാണ്. മുൻ കാലങ്ങളിൽ പ്രധാനമായും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന മനുഷ്യരായിരുന്നു നമ്മുടെ പൂർവ്വികർ. പകലന്തിയോളം പാടത്തും, പറമ്പിലും കഠിനാധ്വാനം ചെയ്ത് കുടുംബങ്ങൾക്ക് അടിസ്ഥാനം ഇട്ടവരാണ് നമ്മുടെ മുൻതലമുറയിൽപ്പെട്ടവർ. അടിമ-ഉടമ വ്യവസ്ഥിതിയിൽ നിന്നും ജന്മി-കുടിയാൻ ബന്ധത്തിലും, തുടർന്ന് മുതലാളി-തൊഴിലാളി എന്ന പുരോഗതിയിലൂടെ സ്വതന്ത്രതൊഴിലാളി എന്ന നിലയ്ക്ക് നാം പരിവർത്തനം ചെയ്യപ്പെട്ടു. അടിമകളായിരുന്ന തൊഴിലാളി വർഗ്ഗത്തിന് മേലാളന്മാരിൽനിന്ന് കഠിനമായ ശാരീരിക മാനസിക പീഡനങ്ങൾ ഏൽക്കേണ്ട സാഹചര്യങ്ങൾ നിരവധി ഉണ്ടായിരുന്നു. മനുഷ്യവർഗ്ഗമാണെങ്കിലും, ജാതിയുടെയും, മതത്തിന്റെയും വർണ്ണത്തിന്റെയും, വർഗ്ഗത്തിന്റെയും പേരിൽ തൊഴിൽ ചെയ്യുന്നതിന് വേർതിരിവ് ഉണ്ടായിരുന്ന ഒരു കാലഘട്ടമായിരുന്നു. അക്കാലത്ത് തൊഴിൽ നിയമങ്ങളോ, ചട്ടങ്ങളോ നിലവിലുണ്ടായിരുന്നില്ല. ഭൂവുടമ പറയുന്നതാണ് അന്നത്തെ നിയമവും, ചട്ടങ്ങളും! അത്തരം കരിനിയമങ്ങൾക്ക് വിധേയപ്പെട്ട് ജീവിച്ചിരുന്ന കുറെ മനുഷ്യകോലങ്ങൾ മുൻകാലങ്ങളിൽ നമ്മുടെ നാട്ടിൽ ജീവിച്ചിരുന്നു. എങ്കിലും അവരുടെ തൊഴിലിടങ്ങളിൽ സത്യസന്ധതയും, നീതിബോധവും, അർപ്പണ മനോഭാവവും ഉണ്ടായിരുന്നു. വസ്ത്രം ഉപയോഗിക്കുന്നതിലും, ഭക്ഷണം കഴിക്കുന്നതിലും ഉൾപ്പെടെ കർശനമായ നിയന്ത്രണങ്ങൾ ഈ അടിമകൾ നേരിട്ടിരുന്നു. നീതിപൂർവ്വമായി എല്ലാ ജീവജാലങ്ങൾക്കും പ്രകൃതി നൽകിയ ഉടമസ്ഥാവകാശം 'ഉടമ' എന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന മേലാളന്മാർക്കായിരുന്നു ഉണ്ടായിരുന്നത്. പ്രതികൂല കാലാവസ്ഥകളിൽ കഠിനമായി ജോലിചെയ്യുന്ന തൊഴിലാളി വർഗ്ഗത്തിന്, അവരുടെ അധ്വാനത്തിന് തക്ക പ്രതിഫലം ലഭ്യമായിരുന്നില്ല. വരേണ്യ വർഗ്ഗത്തിന്റെ ആധിപത്യത്തിൻ കീഴിൽ അധഃസ്ഥിത വർഗ്ഗത്തിൽപ്പെട്ട തൊഴിലാളി

സമൂഹത്തിന്റെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. സംസാരിക്കുവാൻ പോലും അവകാശമില്ലാതിരുന്ന സമൂഹമായിരുന്നു. ജീവൻ നിലനിർത്തുന്നതിനും കുടുംബം പുലർത്തുന്നതിനും വേണ്ടി പൂർവ്വികരായ നമ്മുടെ മാതാപിതാക്കൾ സഹനപാതയിലൂടെ സഞ്ചരിക്കുകയായിരുന്നു.

കാലം പുരോഗതിയുടെ പാതയിലൂടെ സഞ്ചരിക്കുവാൻ തുടങ്ങി. നമ്മുടെ പൂർവ്വികർക്ക് തൊഴിലിടങ്ങളിലെ ദുരിതങ്ങളിൽ നിന്ന് ഘട്ടംഘട്ടമായി മോചനം ഉണ്ടായി. 1922-ൽ രൂപീകൃതമായ തിരുവിതാംകൂർ ലേബർ അസോസിയേഷൻ സംഘടനയിലൂടെ തൊഴിലാളികൾ സംഘടിക്കുവാൻ തുടങ്ങി. തങ്ങളുടെ ന്യായമായ ആവശ്യങ്ങൾ സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുവാൻ പ്രസ്തുത സംഘടന നേതൃത്വം നൽകി. അത്തരം ആവശ്യങ്ങൾ പിൽക്കാലത്ത് തൊഴിലാളി വർഗ്ഗത്തിന്റെ അവകാശമായി പരിണമിച്ചു.

സമയപരിധിയില്ലാതെ അടിമകളെപ്പോലെ പണിയെടുത്തിരുന്ന ജനസമൂഹത്തിൽ, 1856-ൽ ആസ്ട്രേലിയയിലെ തൊഴിലാളികൾ സംഘടിച്ച് നേടിയെടുത്ത 'എട്ട് മണിക്കൂർ ജോലി' എന്ന വ്യവസ്ഥിതി ലോകമെമ്പാടുമുള്ള തൊഴിലിടങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. ഇത്തരം സംഘടിത പ്രവർത്തനങ്ങൾ നമ്മുടെ തൊഴിലിടങ്ങളിൽ കാതലായ മാറ്റങ്ങൾക്ക് ഉത്തേജനം നൽകി.

കാലാകാലങ്ങളായി തൊഴിലാളികൾക്കും, തൊഴിലിടങ്ങളുടെ സംരക്ഷണത്തിനും വേണ്ടി പല നിയമങ്ങളും, ചട്ടങ്ങളും നിലവിൽ വന്നിട്ടുള്ള സംസ്ഥാനമാണ് നമ്മുടെ കേരളം. തൊഴിലുടമ-തൊഴിലാളി ബന്ധം ഊഷ്മളമായി നിലനിൽക്കുന്ന ഇന്ത്യയിലെ പ്രധാന സംസ്ഥാനവും കേരളം തന്നെയാണ്. തങ്ങൾ ചെയ്യുന്ന തൊഴിലിനോട് ആത്മാർത്ഥത പുലർത്തുന്നതിൽ നാം ഇനിയും ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്ത്യൻ പൗരനെന്ന നിലയിൽ ഇന്ത്യൻ ഭരണഘടന നമുക്ക് നൽകുന്ന ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത് രാജ്യ പുരോഗതിയ്ക്ക് അനിവാര്യമാണ്. നമ്മുടെ ഭരണഘടന ഉറപ്പു നൽകിയ തൊഴിൽ നിയമങ്ങൾ ലോകം ആദരിക്കുന്നവയാണ്. തൊഴിലിടങ്ങളിൽ നീതിപൂർവ്വമായ പ്രവർത്തനം തുടരേണ്ടതിന് കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ നാം ഓരോരുത്തരും ആത്മാർത്ഥതയോടെ ശ്രമിക്കേണ്ടതാണ്.

സർക്കാർ സേവന മേഖലകളിൽ തൊഴിൽ ചെയ്യുന്ന ഓരോ വ്യക്തിയും പ്രത്യക്ഷമായോ പരോക്ഷമായോ ജനങ്ങളെ സേവിക്കുന്നവരാണ്. ജനാധിപത്യ രാജ്യത്തിൽ ജനങ്ങളുടെ സേവകരാണ് നാം എന്ന ബോധ്യം നമുക്ക് ഉണ്ടാകണം. ഒരു സർക്കാർ ജോലി ലഭ്യമായിക്കഴിഞ്ഞാൽ 'ആനപ്പുറത്ത് കയറിയ പാപ്പാന്റെ' അവസ്ഥയിൽ നാം ആയിപ്പോകരുത്. എപ്പോഴെങ്കിലും അവിടെ നിന്ന് താഴെ ഇറങ്ങുവാനുള്ളവരാണെന്ന ബോധ്യം ഓരോ നിമിഷവും നമ്മെ ഭരിക്കേണ്ടതാണ്. തൊഴിലിടങ്ങളിലെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നാം സംഘടിക്കുകയും അവ നേടിയെടുക്കുകയും ചെയ്യുന്നതുപോലെ, നീതി നിഷേധിക്കുമ്പോൾ ജനം പ്രതികരിക്കുന്നത് അവരുടെ അവകാശമാണെന്നത് നമ്മുടെ തൊഴിൽ മേഖലയിൽ നാം ഓരോരുത്തരും ഓർത്തിരിക്കേണ്ട കാര്യമാണ്. നമുക്ക് നൽപ്പെട്ടിരിക്കുന്ന ജോലികൾ ഉത്തരവാദിത്തത്തോടും, സത്യസന്ധതയോടും നീതിപൂർവ്വമായി യഥാസമയം പൂർത്തീകരിക്കുവാൻ നാം ബാധ്യസ്ഥരാണ്.

ഒരു പുതുയുഗത്തിലാണ് (കമ്പ്യൂട്ടർ യുഗം) നാം ജീവിക്കുന്നത്. മുൻകാലങ്ങളിൽ കായികമായി വളരെ സമയമെടുത്ത് പൂർത്തീകരിച്ചിരുന്ന ജോലികൾ ഞൊടിയിടയിൽ ചെയ്തുതീർക്കുവാനുള്ള സാങ്കേതികവിദ്യ



നമുക്ക് ലഭ്യമാണ്. അതിവേഗ യുഗത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയും ആഗ്രഹിക്കുന്നത്, വളരെ വേഗത്തിൽ ആവശ്യങ്ങൾ നേടിയെടുക്കണമെന്നാണ്. ലോകം വളരെ വേഗതയിലാണ്. അത്രയധികം വേഗതയിൽ നാം ചെയ്യുന്ന ഏതൊരു തൊഴിലിനും അതിന്റേതായ മാന്യതയും, മൂല്യവും ഉണ്ടെന്നത് നാം ഓർക്കണം. മൂല്യബോധവും, നീതിബോധവും നഷ്ടപ്പെടാതിരിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

മുൻകാലങ്ങളിൽ ഓരോ സർക്കാർ സ്ഥാപനങ്ങളും വൻകരകളായി നിലനിന്നിരുന്നു. എന്നാൽ ഇന്നത്തെ തൊഴിലിടങ്ങൾ ഓരോ 'തുരുത്ത്'കളായി രൂപാന്തരപ്പെട്ട് കൊണ്ടിരിക്കുന്നു. പല തുരുത്തുകളായി മാറുന്നതിനേക്കാൾ ഒരു വൻകരയായിത്തന്നെ നിലനിൽക്കുവാൻ നമ്മുടെ തൊഴിലിടങ്ങൾക്ക് സാധിക്കണം. ഒത്തൊരുമയുടെ പ്രവർത്തന മികവിന് പത്തരമാറ്റിന്റെ ശോഭയുണ്ടാകും.

ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭ മന്ദിരത്തിൽ ജോലി ചെയ്യാൻ കഴിഞ്ഞത് നമ്മുടെ ജീവിതത്തിലെ വലിയ ഭാഗ്യമായിത്തന്നെ കരുതാം. കഴിഞ്ഞ 15 വർഷത്തിനുള്ളിൽ നമ്മുടെ തൊഴിലിടത്തിൽ വന്ന മാറ്റം അതിശയിപ്പിക്കുന്നതും അതോടൊപ്പം ആശങ്കയുളവാക്കുന്നതുമാണ്. കേരളത്തിലെ മറ്റ് സർക്കാർ സ്ഥാപനങ്ങളുമായി താരതമ്യം ചെയ്താൽ, ഏറ്റവും മെച്ചപ്പെട്ട സൗകര്യങ്ങൾ നിറഞ്ഞ തൊഴിലിടമാണ് നമ്മുടേത്. മുൻകാലങ്ങളിൽ സർക്കാർ സ്ഥാപനത്തിലെ ജീവനക്കാരുടെ സന്തോഷത്തിലും, സന്താപത്തിലും എല്ലാവരും ഒത്തൊരുമിച്ച് സഹകരിക്കുന്ന കാഴ്ച ആകർഷകമായിരുന്നു. നാം ജോലി ചെയ്യുന്ന തൊഴിലിടങ്ങൾ സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഇടങ്ങളായി മാറേണ്ടത് സഹജീവി സ്നേഹത്തിന് ആവശ്യമാണ്. തൊഴിലിടങ്ങളിലെ പ്രവർത്തനങ്ങൾ സത്യസന്ധതയും സുതാര്യതയും, നീതിബോധവും ഉള്ളതായിത്തീരണം. അതിന് വേണ്ടി ഒരു മനസ്സോടെ ഒരു വൻകരയായി നമ്മുടെ തൊഴിലിടത്തെ മാറ്റിയെടുക്കാം.

**കവിത**

**ഡെന്നി എം. എക്സ്.**
അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് 1



# നിനവിലോ, കനവിലോ, ഓർമ്മകൾക്കുള്ളിലോ.....

നിനവിലോ
കനവിലോ
ഓർമ്മകൾക്കുള്ളിലോ
ഏതോ കാട്ടിൽ
ഏതോ ചെടിയിൽ
ഏതോ പൂവിൽ
നിറമായിരുന്നു നാം
മണമായിരുന്നു നാം
തേനായിരുന്നു നാം
മൗനത്തോളം നേർത്ത
സ്വരമായിരുന്നു
അത്രമേൽ മൃദുലവും
ഓർക്കുന്നുവോ നീ !

**പ്രസാദ് വി.**
ചീഫ് അമിനിറ്റീസ് അസിസ്റ്റന്റ്





# പ്രിയപുസ്തകം
# മഞ്ഞ്

മനുഷ്യരെല്ലാം കാത്തിരിക്കുന്നവരാണ്, ചിലതെല്ലാം സഫലമാവില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ. കാത്തിരിപ്പിന്റെ നൊമ്പരങ്ങൾ അതീവ ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കുന്ന നോവലാണ് എം.ടി വാസുദേവൻ നായരുടെ 'മഞ്ഞ്'. ഏതൊരു വായനക്കാരനേയും കഥാന്ത്യം വരെ ഉദ്വേഗത്തിന്റെ കൊടുമുടിയിലെത്തിക്കുവാനും കഥയും കഥാപാത്രങ്ങളും മഞ്ഞുപോലെ ഹൃദയത്തിൽ പെയ്തിറങ്ങാനും കഴിയുംവിധമാണ് എം.ടി യുടെ ആഖ്യാനശൈലി. അതുകൊണ്ട് തന്നെ 'മഞ്ഞ്' എനിക്ക് പ്രിയപുസ്തകമായി മാറുന്നു.

നായികയായ വിമലയുടെ മനസിന്റെ നിഗൂഢഭാവങ്ങൾ വ്യഞ്ജിപ്പിക്കാൻ പര്യാപ്തമായ നൈനിറ്റാളിലെ കുന്നിൻചരുവിലെ സ്കൂളും നിശ്ചലമായ പ്രകൃതിയുമാണ് പശ്ചാത്തലം, മഞ്ഞിൻ പാളികളായും അടരുകളായും മുറിഞ്ഞു വീഴുന്ന അനുഭവങ്ങളെ സുന്ദരമായ ഒരു ശില്പമായി 'മഞ്ഞി' നെ എം.ടി. മാറ്റിയിരിക്കുന്നു. കഥകൾ ആത്മാവിൽ നിന്നൊഴുകുമ്പോൾ അത് കവിതയാകുന്നു. അതു തന്നെയാണ് മഞ്ഞിലും; വിമലയുടെ ആത്മാവിൽ നിന്നൊഴുകിയ നൊമ്പരമാണ് മഞ്ഞ്.

സുധീർകുമാർ മിശ്ര എന്ന കാമുകനെ കാത്തിരിക്കുകയാണ് വിമല; ഒരിക്കലും തിരിച്ചു വരില്ലെന്നറിഞ്ഞുകൊണ്ടുതന്നെ. വർഷങ്ങൾക്കു മുമ്പ് കണ്ടുമുട്ടുകയും ചില ദിവസങ്ങൾ ഒരുമിച്ച് കഴിയുകയും ചെയ്തു. അയാൾ അവിടം വിട്ട് പോയെങ്കിലും വിമലയ്ക്ക് അയാളെ മറക്കുവാനേ കഴിയുന്നില്ല. അയാളുടെ ഓർമകൾ പേറി വിമല കാത്തിരിക്കുന്നു.

നൈനിറ്റാൾ തടാകത്തിലെ ജലം പോലെ ചലനവും ഒഴുക്കും ഓളവുമില്ലാതെ തളംകെട്ടി കിടക്കുകയാണ് വിമലയുടെ മനസും. അതിന്റെ ആഴങ്ങളിൽ നിന്നുമുയരുന്ന ഓർമകളിലൂടെ അവളുടെ കുടുംബചിത്രം വായനക്കാരിൽ എത്തുന്നു. പ്രതാപിയായിരുന്ന അച്ഛൻ ഇപ്പോൾ ജീവച്ഛവമായിരിക്കുന്നു. അമ്മ ഗോമസെന്ന കാമുകനെ തേടിപ്പോകുന്നു. ഇക്കാര്യം

മനസ്സിലാക്കി അമ്മയെ ഭീഷണിപ്പെടുത്തി പണം തട്ടുന്ന അനിയൻ. പ്രേമബന്ധത്തിലെ ദുരന്തനായികയാവാൻ തയ്യാറെടുക്കുന്ന അനിയത്തി. ഇതിൽ നിന്നൊക്കെ മോചനം തേടിയായിരുന്നു വിമല ബോർഡിംഗ് സ്കൂളിലേക്കെത്തിയത്. അവിടുത്തെ അനുഭവങ്ങൾ അവളെ കൂടുതൽ വിഷാദവതിയാക്കുന്നു.

സുധീർകുമാർ മിശ്രയുമൊന്നിച്ചുള്ള ചില ദിവസങ്ങളെ വിമലയുടെ ജീവിതത്തിലെ അർഘനിമിഷങ്ങളായി അവൾ കരുതുന്നു. മറ്റാർക്കോ വേണ്ടി എന്നുപറഞ്ഞ് ഒരു 'റോസ് സ്വറ്റർ' വിമലയെക്കൊണ്ട് തെരഞ്ഞെടുപ്പിക്കുകയും അയാൾ യാത്ര പറയുന്നതിന്റെ തലേന്നാൾ മുന്തിയ ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചതും തീയേറ്ററിൽ അടുത്തിരുന്ന് സിനിമ കണ്ടതും മുറിയിൽ ചെന്നപ്പോൾ ആ 'റോസ് സ്വറ്റർ' വിമലയ്ക്കായി നീട്ടിയതും തന്റെ എല്ലാമെല്ലാം അയാൾക്കായി സമർപ്പിച്ചതുമെല്ലാം വിമല ഓർത്തെടുക്കുന്നു. യാദൃശ്ചികത എന്നൊന്ന് ഇല്ലെന്നും ജീവിതത്തിൽ അയാളോടൊത്ത് കുറച്ചുദിവസം കഴിയാനാണ് ഈശ്വരനിയോഗമെന്നും വിമല ഉറച്ചു വിശ്വസിക്കുന്നു.

ഈ നോവലിൽ കാത്തിരിപ്പിന്റെ മറ്റൊരു മുഖമാണ് തോണിക്കാരൻ ബുദ്ദു. വെള്ളാരങ്കണ്ണുകളും ചെമ്പൻമുടിയും പുള്ളിക്കുത്തുകൾ വീണ മുഖവുമുള്ള ബീഡി വലിക്കുന്ന മഞ്ഞപ്പല്ലുകളുള്ള ബുദ്ദു. അവന്റെ അച്ഛൻ ഒരു വെള്ളക്കാരനാണ്. 'ഗോരാസാഹേബ്'. അമ്മ മരിച്ചുപോയി. ഓരോ സീസൺ എത്തുമ്പോഴും അവൻ അച്ഛനെ കാണാൻ കാത്തിരിക്കുന്നു. മാഞ്ഞ് തുടങ്ങിയ ഒരു ഫോട്ടോ അവന്റെ കൈവശമുണ്ട്. 'കാണുമ്പോൾ നീയെന്താണ് അയാളോട് ചോദിക്കുക' എന്ന വിമലയുടെ ചോദ്യത്തിന് 'ഒന്നു കണ്ടാമതി' എന്ന ബുദ്ദുവിന്റെ ഉത്തരം വായനക്കാരെ തെല്ലൊന്ന് വിഷമിപ്പിക്കുന്നുണ്ട്. ബുദ്ദുവിനോട് വിമലയ്ക്ക് വലിയ സ്നേഹമായിരുന്നു.

'മഞ്ഞി'ൽ ചലനമുള്ള ഒരേ ഒരു കഥാപാത്രമാണ് സർദാർജി. മധ്യവയസ്കനായ സർദാർജി വിമലയിൽ നിന്ന് പുസ്തകം കടംവാങ്ങാറുണ്ട്. വായിച്ചു തിരിച്ചു കൊടുക്കുമ്പോൾ സർദാർജിയിൽ നിന്നുമുള്ള നർമ്മസംഭാഷണങ്ങൾ വിമലയിൽ ഒരു ചിരി പടർത്തിയിരുന്നു. രക്ഷാകർത്താവായ കൂട്ടുകാരൻ വിശ്രമം അനുവദിച്ചിരിക്കുന്നെന്നും, സിഗരറ്റ് വലിച്ചപ്പോൾ 'രക്ഷാകർത്താവിനോട് പറയല്ലേ' എന്നു പറയുന്നതും സാക്ഷാൽ ദൈവത്തെയാണ് ഉദ്ദേശിച്ചതെന്ന് മനസിലാവുന്നത് അയാൾക്ക് 'ലംങ് ക്യാൻസർ' ആണെന്ന സത്യം വിമല അറിയുമ്പോഴാണ്.




ഏതൊരു വായനക്കാരനേയും കഥാന്ത്യം വരെ ഉദ്വേഗത്തിന്റെ കൊടുമുടിയിലെത്തിക്കുവാനും കഥയും കഥാപാത്രങ്ങളും മഞ്ഞുപോലെ ഹൃദയത്തിൽ പെയ്തിറങ്ങാനും കഴിയും വിധമാണ് എം.ടി യുടെ ആഖ്യാന ശൈലി. അതുകൊണ്ട് തന്നെ 'മഞ്ഞ്' എനിക്ക് പ്രിയപുസ്തകമായി മാറുന്നു.

ടീച്ചർജിയെ ഇഷ്ടമാണെന്നും ബോട്ടുസവാരിക്ക് കടം ചോദിച്ച ഒരു സായാഹ്നം ബാക്കി കിടപ്പുണ്ടെന്നും സർദാർജി വിമലയെ അറിയിച്ചപ്പോൾ 'ഇനിയും കാണാം' എന്ന മറുപടിയായിരുന്നു വിമലയുടേത്. 'ഒരു കൊല്ലത്തെ അവധി കഴിഞ്ഞു. നാലുമാസമാണ് ബോണസായി രക്ഷകർത്താവ് അനുവദിച്ചിരിക്കുന്നത്. സർദാർജിയുടെ ഈ തമാശ വിമലയ്ക്കും വായനക്കാർക്കും മനസിൽ ഒരു വിങ്ങൽ സമ്മാനിക്കുന്നു. സർദാർജി ജീവിതത്തെ ഒരു നേരമ്പോക്കായും മരണത്തെ ഒരു കോമാളിയുമായാണ് കണ്ടിരുന്നത്. മരിച്ചുപോയവരെ ഓർത്ത് ഉറക്കം കളയരുതെന്നും, ഭൂമിയിൽ ജീവിച്ചിരിക്കുന്നവർ ഒരുപാടുണ്ടെന്നും ഇടയ്ക്കൊക്കെ ഒന്നു ചിരിക്കണം എന്നുമൊക്കെ സർദാർജി വിമലയെ ഓർമ്മപ്പെടുത്തുന്നുണ്ട്. ജീവിതം നല്കാൻ മടിക്കുന്നതൊക്കെയും ജീവിച്ച് ജീവിതത്തോട് തന്നെ വാങ്ങണം' എന്ന് സർദാർജി വിമലയോടാണ് പറയുന്നതെങ്കിലും വായനക്കാർക്കുള്ള ഒരു സന്ദേശമായി കരുതാം.

മറക്കാനാവാത്ത മറ്റൊരു കഥാപാത്രമാണ് അമർസിംഗ്. അല്പം കുടിച്ചാൽ ബഹുമാനം വർദ്ധിക്കും. കുറച്ച് കൂടിയാൽ കരഞ്ഞ് പഴയ കഥകൾ പറയും. ഭാര്യ ഒളിച്ചോടിപ്പോയതും മകൻ അടിച്ചു പുറത്താക്കിയതുമൊക്കെ. ജീവിതത്തിൽ പ്രതീക്ഷ വച്ചു പുലർത്തുന്ന ആർക്കൊക്കെയോ വേണ്ടി ഇപ്പോഴും കാത്തിരിക്കുന്ന ഒരു 'വാച്ച്മാനാ'യി തന്നെ അമർസിംഗിനെ കാണാം.

വിമല, സുധീർകുമാർ മിശ്രയെ കാത്തിരിക്കുന്നു. ബുദ്ദു തന്റെ അച്ഛനായ ഗോരാസാഹിബിനെ കാത്തിരിക്കുന്നു. സർദാർജി മരണത്തെ കാത്തിരിക്കുന്നു. അമർസിംഗ് തന്റെ കുടുംബത്തെ കാത്തിരിക്കുന്നു. നൈനിറ്റാൾ ടൂറിസ്റ്റുകളെ കാത്തിരിക്കുന്നു. വായനക്കാർ ഒരു മഞ്ഞുതുള്ളിയുടെ നൈർമല്യത്തോടെ കാത്തിരിപ്പുകൾ സഫലമാവാൻ മനസ്സുകൊണ്ട് കാത്തിരിക്കുന്നു.

പറഞ്ഞു വച്ചിട്ടുള്ളതിനേക്കാൾ പറയാത്തതാണീ കൃതിയിൽ ഏറെയും. മനുഷ്യജീവിതത്തിന്റെ വ്യാകുലതകളെയും നിരാശകളേയും ഹൃദ്യവും ചാരുതയോടെയും 'നാളെ' അല്ലെങ്കിൽ 'കാത്തിരിപ്പ്' എന്ന സമസ്യയുടെ ആഴങ്ങളിൽ കൊണ്ടു ചെന്നെത്തിക്കുന്നു. വായനാനന്തരം ഹൃദയത്തിന്റെ കോണുകളിലെവിടെയോ ഒരു വിങ്ങൽ സമ്മാനിച്ചുകൊണ്ടാണ് 'മഞ്ഞ് ' എന്ന നോവൽ കാവ്യം എം.ടി പര്യവസാനിപ്പിക്കുന്നത്.

മൊഴിമാറ്റം

**ദിനേഷ് കുമാർ കെ.**
ഡെപ്യൂട്ടി സെക്രട്ടറി



റോബർട്ട് ഫ്രോസ്റ്റിന്റെ
The Road Not Taken എന്ന കവിതയുടെ
സ്വതന്ത്ര മലയാള പരിഭാഷ

# യാത്ര പോകാത്ത വഴി

ഇലപൊഴിയും കാട്ടിൽ അങ്ങൊരു
വഴിയിരുവഴിയായി,
ഇരുവഴികളിലൊന്നിൽ പോകേണ-
മെനിക്കു നിശ്ചയം
ഒട്ടുനേരമന്തിച്ചു നിന്നു ഞാൻ
കണ്ണെത്തും ദൂരമൊന്നെത്തിനോക്കി.
ഞാനൊരു വഴിയളന്നൂ മാത്രയിൽ
വളഞ്ഞു പുളയുമടിക്കാടുകളിൽ
തെളിഞ്ഞു നീണ്ട വഴി.

പിന്നെ, പാദസ്പർശമേൽക്കാത്ത
മറുവഴിയിൽ ഞാൻ യാത്രയായ്
എന്റെ കാൽപ്പാടുകൾക്കായി
ഏറെ കൊതിച്ച വഴി.
പുൽനിറഞ്ഞൊരീ വഴിയിലാരെങ്കിലും
ചവിട്ടി മെതിച്ചിങ്ങനെ പോയിരുന്നോ ?

മഞ്ഞുപൊഴിയുന്നൊരാ പുലർവേളയിൽ
വഴിയിൽ ഇലകൾ കുതിർന്നുറങ്ങി.
തിരികെ വന്നില്ലൊരു കാൽപ്പാടുപോലും
ഇലകൾ കാതോർത്ത സാന്ത്വനമേകുവാൻ.
യാത്രപോകാമിനിയൊരു നാളെന്നോർത്തു
തെളിഞ്ഞ വഴിയെ ഞാൻ കൈവെടിഞ്ഞു.
ഒരു വഴിയേതോ വഴികളിൽ ചെന്നലി-
ഞ്ഞേക്കാം അറിയാമതെനിക്കെങ്കിലും
സന്ദേഹമുണ്ടായ് തിരിച്ചെത്തുമോ ഞാനെ-
ന്നെങ്കിലും ആ വഴിപോകുവാൻ.

കാലമേറെക്കഴിഞ്ഞൊരു നാളൊരു
നെടുവീർപ്പുമായി ഞാൻ ചൊല്ലിടും
അന്നൊരുവഴിയൊരു കാട്ടിൽ
ഇരുവഴിയായ് പിരിഞ്ഞു.
ആരുമേ യാത്രപോകാത്തൊരാ
വഴിയിൽ ഞാനന്ന് യാത്രയായ്
ആ വഴിയാത്രയാണെന്നെ
ഞാനാക്കി മാറ്റിയ യാത്ര!



# The Road Not Taken

By Robert Frost

Two roads diverged in a yellow wood,
And sorry I could not travel both
And be one traveler, long I stood
And looked down one as far as I could
To where it bent in the undergrowth;

Then took the other, as just as fair,
And having perhaps the better claim,
Because it was grassy and wanted wear;
Though as for that the passing there
Had worn them really about the same,

And both that morning equally lay
In leaves no step had trodden black.
Oh, I kept the first for another day!
Yet knowing how way leads on to way,
I doubted if I should ever come back.

I shall be telling this with a sigh
Somewhere ages and ages hence:
Two roads diverged in a wood, and I-
I took the one less traveled by,
And that has made all the difference

ROBERT FROST

## ROBERT FROST

A poem begins in delight and ends in wisdom എന്നാണ് വിഖ്യാത അമേരിക്കൻ കവി Robert Frost അഭിപ്രായപ്പെട്ടത്. ആന്തരികമായ ദാർശനിക മാനങ്ങൾ തേടുന്ന അദ്ദേഹത്തിന്റെ കവിതകൾ സാർവജനീന സ്വഭാവമുള്ളവയായിരുന്നു. ജീവിതത്തിന്റെ നിഗൂഢതകളിലേക്ക് ആഴ്ന്നിറങ്ങുന്ന തത്വചിന്താപരമായ ചിന്താധാരകൾ മുന്നോട്ട് വയ്ക്കുന്ന, ലളിതമായ വാക്കുകളിൽ സവിശേഷമായ അർത്ഥതലങ്ങൾ ദ്യോതിപ്പിക്കുന്ന വരികളിലൂടെ അദ്ദേഹം ലോകമെമ്പാടും ആരാധകരെ നേടിയെടുത്തു. ന്യൂ ഇംഗ്ലണ്ടിലെ ഗ്രാമീണ ജീവിത പശ്ചാത്തലത്തിൽ നെയ്തെടുത്ത കവിതകളിൽ ജീവിതവും യാത്രകളും സ്വത്വാന്വേഷണങ്ങളും ഇഴചേരുന്നു.

Mending wall, Directive, Stopping by woods on a snowy evening, The Road not taken, Nothing gold can stay, Fire and Ice, Birdies, After Apple Picking തുടങ്ങിയ കവിതകൾ ഏറെ ജനപ്രീതി നേടിയവയാണ്.

"I had a lover's quarrel with the world" എന്നാണ് അദ്ദേഹത്തിന്റെ കല്ലറയിൽ ഏഴുതിച്ചേർത്തത്.



യാത്രാവിവരണം

**പ്രിയേഷ് എ. എസ്.**
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

# റോഹ്തംഗ് പാസി'ൽ' [ല്ല]

'ഹിമശൈല സൈകത
ഭൂമിയിൽ നിന്നു നീ
പ്രണയപ്രവാഹമായ് വന്നൂ,
അതിഗൂഢസുസ്മിതം
ഉള്ളിലൊതുക്കുന്ന
പ്രഥമോദബിന്ദുവായ് തീർന്നു'

നല്ല ഹൈമവതഭൂവിൽ നിന്നും മഞ്ഞിന്റെ ഗാഢമായ കുളിരും വെള്ളപ്പൊടി മണ്ണിന്റെ നിറവും കലർന്ന് ഇളം പച്ചനിറത്തിൽ ഉല്ലസിച്ചൊഴുകുന്ന നദി ബിയാസ്. പഞ്ചാബിന് ആ പേര് ചാർത്തിക്കിട്ടുന്നതിൽ ഒരു പങ്ക് ഇവളുടേതുമാണ്. ബിയാസ് നദിയെ തൊട്ടുരുമ്മിയുള്ള പാതയിൽ ഒഴുക്കിനെതിരായ ദിശയിൽ നദിയുടെ സൗന്ദര്യം ആവോളം ആസ്വദിച്ച് പ്രഭവസ്ഥാനത്തിന്റെ സൗന്ദര്യം നുകരുവാനായുള്ള യാത്രയിലാണ് ഞങ്ങൾ. യാത്ര ചണ്ഡീഗഡിൽ നിന്നും കേന്ദ്ര ഭരണപ്രദേശത്തിന്റെയും പഞ്ചാബിന്റെയും ഭൂമികൾ പിരിഞ്ഞ് ഹിമാചൽ പ്രദേശിന്റെ ബിലാസ്പൂർ, മണ്ഡി ജില്ലകൾ പിന്നിട്ട് ജനവിഭാഗങ്ങൾ ഏറ്റവും അറ്റത്തായി താമസിച്ചിരുന്ന ഭൂപ്രദേശമെന്ന് കരുതിയിരുന്ന കുളുവിലേക്ക്.

ആതിഥ്യമര്യാദയുടെ പര്യായമെന്നോണമുള്ള സ്വീകരണം. കുളുവിലെ രാത്രിയുടെ കുളിരും അറിഞ്ഞ് പിറ്റേന്ന് രാവിലെ മണാലിയിലേക്കുള്ള യാത്ര. മണാലിയിലെ പുരാതനവും പ്രശസ്തവുമായ ഹിഡിംബക്ഷേത്രം സന്ദർശിച്ച ശേഷം മഞ്ഞ്പാടങ്ങൾ തേടിയുള്ള യാത്ര തുടർന്നു. നിരവധി തുരങ്കങ്ങളിലൂടെയുള്ള യാത്ര ഉണ്ടായിരുന്നെങ്കിലും സമുദ്രനിരപ്പിൽ നിന്നും 10,000അടി ഉയരത്തിലുള്ള ഇന്ത്യയിലെ ഏറ്റവും ദൈർഘ്യമേറിയ അടൽ ടണലിലൂടെയുള്ള യാത്ര വ്യത്യസ്തമായൊരു യാത്രാനുഭവമായി.

മണാലി-ലേ ഹൈവേയിലൂടെയുള്ള യാത്ര തുടർന്നു. മഞ്ഞ് പുതച്ച താഴ്‌വരയിലേക്കെത്തുകയാണ് ലക്ഷ്യം. ഒടുവിൽ കാടിന്റെയും മലകളുടെയും നദികളുടെയും മനോഹരകാഴ്ചകൾക്കൊപ്പം ഹിമവാന്റെ തനത് സൗന്ദര്യം വെളിവാക്കുന്ന മഞ്ഞ് മൂടിയ താഴ്‌വരകൾ തെളിഞ്ഞു തുടങ്ങി. താഴ്‌വരയിലെ മഞ്ഞ് പാളികൾക്ക് മനോഹാരിത കുറവായതിനാൽ കുറച്ചുകൂടി ഉയരത്തിലേക്ക് പോയി മഞ്ഞ് മൂടിയ ഹിമാലയൻ ചാരുത ആസ്വദിച്ച് തിരികെ വരാമെന്ന് പറഞ്ഞ് ലെയ്സൺ ഓഫീസർ മുന്നോട്ട് നയിച്ചു. മുന്നോട്ട് പോകെപോകെ ഹിമാലയത്തിന്റെ യഥാർത്ഥ സൗന്ദര്യദീപ്തി കൂടുതൽ വെളിവാകുകയായിരുന്നു. അത്യാവശ്യം നല്ല മഞ്ഞു മൂടിക്കിടക്കുന്ന ധവളിമയാർന്ന പ്രദേശമെത്തിയപ്പോഴേക്കും ഓഫീസർ യാത്ര നമ്മൾ ഇവിടെ അവസാനിപ്പിക്കുകയാണെന്നും മഞ്ഞുപുതച്ച താഴ്‌വരകളുടെയും പർവ്വതശിഖരങ്ങളുടെയും ഭംഗി ആസ്വദിച്ചശേഷം തിരികെ പോകാവുന്നതാണെന്നും അറിയിച്ചു.

മുന്നിലേക്ക് നോക്കിയപ്പോൾ പാതയിൽ ബഹുദൂരം മുൻപിലായി പൈലറ്റ് വാഹനം കുതിക്കുകയാണ്. നിർത്താനുള്ള ഭാവമില്ല. കമ്മ്യൂണിക്കേഷൻ ഗ്യാപ്. ലെയ്സൺ ഓഫീസർ തിടുക്കത്തിൽ മൊബൈലിൽ



കോൺടാക്ട് ചെയ്യാൻ ശ്രമിക്കുന്നുണ്ട്. മൊബൈൽ ഫോൺ റേഞ്ച് വെരി പുവർ എന്നല്ല റേഞ്ച് എന്ന ഒന്ന് അവിടെ ഇല്ല. ഉർവ്വശീശാപം........... പൈലറ്റ് വാഹനം ഞങ്ങളെ നേരെ റോഹ്തംഗ് പാസിലേക്കാണ് ക്ഷണിക്കുന്നത് എന്ന് മനസ്സിലായി. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 12,000 അടി ഉയരെ എത്തിക്കാണും. ഓഫീസർക്ക് പൈലറ്റ് വാഹനത്തെ ബന്ധപ്പെടാനുള്ള സാധ്യതകൾ ഇല്ലാതായി. ഇനി അതിന് ശ്രമിക്കേണ്ടെന്നും 'മുമ്പേ ഗമിക്കുന്ന ഗോവ് തന്റെ .....' മാതൃകയിൽ പൈലറ്റ് വാഹനത്തിന്റെ പിമ്പേ ഗമിക്കാമെന്നും സൗമ്യനും ആതിഥ്യമര്യാദയുള്ളവനുമായ ഓഫീസറോട് പറഞ്ഞു. മനസ്സില്ലാമനസ്സോടെയാണെങ്കിലും അദ്ദേഹം സമ്മതിച്ചു. റോഹ്തംഗ് പാസിലേക്ക് പോകുന്നതിന് മുൻകൂർ അനുവാദം വാങ്ങണമായിരുന്നുവെന്നും യാത്രികർക്കും വാഹനത്തിനും പാസ് എടുത്തിട്ടില്ലെന്നതുമാണ് അദ്ദേഹത്തെ തെല്ല് വിഷമിപ്പിച്ചത്. എന്തായാലും മൊബൈൽ റേഞ്ച് ഇല്ലതാകുന്നത് ചിലപ്പോഴൊക്കെ ഇങ്ങനെ ഉപകാരപ്പെടുമെന്ന് മനസ്സിലായി.

കട്ടിയേറിയ മഞ്ഞ് പാളികൾ ഒരു ഭാഗത്ത് വെട്ടിയൊതുക്കിയതും മറുഭാഗത്ത് അഗാധവും വിശാലവുമായ താഴ്വരയ്ക്കിടയിലൂടെയുള്ള മലമ്പാത. ഉയരെയും താഴെയും മഞ്ഞിന്റെ വിശാലമായ ദൃശ്യഭംഗി. ഒടുവിൽ 13,000-അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന റോഹ്തംഗ് പാസിലേക്ക് ഞങ്ങളെത്തി. പൈലറ്റ് വാഹനത്തിന് നന്ദി. വാഹനത്തെക്കാൾ പൊക്കത്തിൽ റോഡിനിരുവശവും മഞ്ഞുകട്ടകൾ. മഞ്ഞുപാളികൾ റോഡിലേക്ക് തള്ളിയിറങ്ങാതെ അരിഞ്ഞെടുത്ത് റോഡ് നിലനിർത്തുന്ന യന്ത്രവാഹനങ്ങൾ കണ്ടാൽ ശുഭ്രവും സൗമ്യവുമെങ്കിലും കല്ലിനെക്കാൾ കാഠിന്യമേറിയ മഞ്ഞുപാളികളിൽ അറിയാതെ പോലുമൊന്ന് സ്പർശിക്കാതെ കടന്നുപോകാൻ ശ്രമിക്കുന്ന വാഹനങ്ങൾ.

റോഹ്തംഗ് പാസ് ഹിമാലയത്തിന്റെ ഒരു വിസ്മയ സൗന്ദര്യദൃശ്യമാണ്. നിരവധി സഞ്ചാരികളും മഞ്ഞിലെ വിവിധ വിനോദങ്ങളും സമ്മേളിക്കുന്ന ഇടം. അതിവിശാലമായ ഹിമ സൗന്ദര്യത്തിന്റെ നേർസാക്ഷ്യം പോലെ അത് സഞ്ചാരികളിൽ വിസ്മയകരമായ ആനന്ദാനുഭൂതി നിറയ്ക്കുന്നു. ഏത് കാലാവസ്ഥയിലും മഞ്ഞ് മൂടിക്കിടക്കുന്ന പർവ്വതപ്രദേശം. തണുപ്പ് അസഹ്യമാകുമെന്നുള്ളവർക്ക് അതിനായുള്ള വസ്ത്രങ്ങളും കരുതലുകളുമാകാം. മഞ്ഞിന്റെ തണുപ്പിനെ കൂസാതെ അത് കുട്ടികളെപ്പോലെ ആസ്വദിക്കുന്ന പ്രായമേറിയവരെയും കാണുന്നത് രസകരമായ കാഴ്ചയാണ്. എന്നാൽ, ഉയരമേറെയായതിനാൽ അന്തരീക്ഷവായുവിൽ ഓക്സിജൻ ദൗർലഭ്യം ചിലർക്ക് ബുദ്ധിമുട്ടാകുന്നതും ശ്രദ്ധിക്കേണ്ടതാണ്.

പിർപഞ്ചാൽ മലനിരകൾക്കപ്പുറവുമിപ്പുറവുമുള്ള ജനങ്ങൾക്കിടയിലുള്ള പഴയകാല വാണിജ്യപാതയാണ് റോഹ്തംഗ് പാസ്. കുളു താഴ്വരയെ ഹിമാചൽപ്രദേശിലെ തന്നെ ലാഗ്വൽ, തപ്തി താഴ്വരകളുമായി ബന്ധിപ്പിക്കുന്ന ഇടം. വാഹനസഞ്ചാരത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റോഹ്തംഗ് എന്ന പേര് മോഹൻജദാരോ എന്ന പേരിനെ ഓർമ്മിപ്പിക്കുന്നു. മൃത ശരീരങ്ങളുടെ കൂന എന്നർത്ഥം വരുന്നതാണത്. പ്രാചീനകാലത്ത് സാഹസികരായ വ്യാപാര സഞ്ചാരികൾ ഹിമാലയത്തിന്റെ മറുഭാഗത്തെത്താൻ നടത്തിയ നിരവധി ശ്രമങ്ങൾക്കിടയിൽ കൊടുംതണുപ്പിൽ ജീവൻ നഷ്ടപ്പെട്ട് മഞ്ഞുപാളികളിൽ ഉറച്ചുപോയ കാരണത്താലാകുമത്.

എന്തുതന്നെയായാലും റോഹ്തംഗ് പാസ് ഇന്ന് സഞ്ചാരികളുടെ പറുദീസകളിലൊന്നാണെന്നതിൽ സംശയമില്ല. ഹിമാചൽ പ്രദേശ് സർക്കാരിന്റെയും വിവിധ സന്നദ്ധപ്രവർത്തക സംഘടനകളുടെയും ശ്രമഫലമായി പ്രകൃതിയെ മലിനമാക്കാതെ സൗന്ദര്യം ആസ്വദിക്കുകയെന്നത് പർവ്വതസൗന്ദര്യത്തിന് കോട്ടം തട്ടാതിരിക്കാൻ സഹായകരമാകുന്നു. ഞങ്ങളുടെ ലെയ്സൺ ഓഫീസർ 'കെയർ ഹിമാലയ' എന്ന എൻ.ജി.ഒ.യുടെ സാരഥി കൂടെയാണെന്നതും ഹിമാലയത്തിന്റെ സൗന്ദര്യം സംരക്ഷിക്കുന്നതിന് വേണ്ട ഇടപെടലുകളും ഹിമാലയത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങളും അതുവഴി ഹിമാലയൻ ജനതയുടെ ഉന്നമനത്തിനായുള്ള ചെറുകിട വ്യാപാര വാണിജ്യ സംരംഭങ്ങളിലും അഭിനന്ദനാർഹമായ പങ്ക് വഹിക്കുന്നുവെന്നത് സന്തോഷകരവും നല്ല നാളേയ്ക്കുള്ള പ്രതീക്ഷയുമാകുന്നു. തിരികെ വരുമ്പോഴും മനസ്സിന്റെ കാഴ്ചയിൽ ഒരു ശ്രദ്ധാഫലകത്തിലെ വാക്കുകൾ; 'Respect the mountains. Then mountains will respect you'.



കവിത

**ആശാലത റ്റി.**
അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II



# ഹൃദയത്തിൽ

പുരപ്പുറത്തെ പാൽപ്പല്ലൊപ്പം
കളഞ്ഞു പോയെൻ ആനന്ദം
പരതി നോക്കാനിടമില്ലാ
ഒളിഞ്ഞുനോക്കി പ്രണയത്തിൽ
അടുക്കിനോക്കി ബിരുദങ്ങൾ
പയറ്റിനോക്കി കസേരകൾ
പതിച്ചുനോക്കി പാസ്സ്പോർട്ടിൽ
തിളക്കമേറും സ്ക്വയർഫീറ്റുകളുടെ
കണക്കിലൊന്നും കണ്ടീല
തിരഞ്ഞു ജി ബികൾ പാഴായി
തളർന്ന കണ്ണുകളടഞ്ഞ നേരം
വിരൽ പിടിച്ചു വലിച്ചെന്നെ
പിറവിയിലൊപ്പം ചേർന്നിട്ടിതുവരെ
പിരിഞ്ഞു പോകാത്തെൻ ശ്വാസം
തെളിഞ്ഞ മിഴിയിൽ കാട്ടിത്തന്നു
വിടർന്ന ഹൃത്താം കമലത്തിൽ
സുവർണ പ്രഭയിൽ ജ്വലിച്ചിരിപ്പൂ
കളഞ്ഞു പോയൊരാനന്ദം
നിറഞ്ഞചിരിയോടോടി അണഞ്ഞു
ഞാനെൻ ഹൃദയകവാടത്തിൽ.

# നിയമസഭാ ലൈബ്രറിയിൽ വാങ്ങിയ പുസ്തകങ്ങളിൽനിന്നും തിരഞ്ഞെടുത്ത 12 പുസ്തകങ്ങളുടെ ലഘു വിവരണങ്ങളും പുറംചട്ടയുടെചിത്രങ്ങളും അടങ്ങിയ ലിസ്റ്റ്




**അമ്പത് അമ്പസ്താനി**

ജോഷി റാഫേൽ

ഗ്രീൻ ബുക്ക്സ് : തൃശ്ശൂർ, 2023.

O32,3wJOS R3

(എൺപതുകളിലെ ബാല്യവും തൊണ്ണൂറുകളിലെ കൗമാരവും യൗവ്വനവും അക്കാലത്തെ യുവാക്കളുടെ ജീവിത രീതികളും ഓർമ്മപ്പെടുത്തുന്ന കൃതി)




**പൊള്ളുന്ന മഞ്ഞ്**

യൂറിയ് ബൊന്ദരെവ്

പുനരാഖ്യാനം : ഓമന

മെൽ ബുക്ക്സ് : കോഴിക്കോട്, 2023.

O142,3BON 32R3

(നോവൽ)




**മൗനത്തിന്റെ മുറിവുകൾ**

രജനി ആത്മജ

ഗ്രാമീണ പബ്ലിക്കേഷൻ :
പാലക്കാട്, 2023.

O32,1REJ R3

(കവിതാ സമാഹാരം)




**ഉടയോർ**

കെ. എസ്. ഭാസ്കരൻ

കൈപ്പട പബ്ലിഷിങ് ഹൗസ് :
ഇടുക്കി, 2023.

O32,3BHA R3

(നോവൽ)




**കാലത്തിന്റെ കാൽപാടുകൾ**

ജോൺ വേറ്റം
പൂർണ്ണാ പബ്ലിക്കേഷൻസ് :
വർക്കല, 2019.

O32,3JOH Q9

(18 ചെറുകഥകൾ)




**വെടിവയ്ക്കരുത് ...!**
**ഞാൻ കീഴടങ്ങി ...!**

ഡോ. ജേക്കബ് സാംസൺ
കളിവീണ പബ്ലിക്കേഷൻസ് :
തിരുവനന്തപുരം , 2023.

O32,6JAC R3

(ഹാസ്യ സാഹിത്യം)




**ഭാഷാമലയാളം**

ഡോ. ടി. പവിത്രൻ
ലിപി പബ്ലിക്കേഷൻസ് :
കോഴിക്കോട്, 2022.

P3(Y:1)  32R2

(മാതൃഭാഷയെ പരിചയപ്പെടുത്തുന്നു)




**കേരളത്തിലെ**
**പൊതുവിദ്യാഭ്യാസത്തിന്**
**ഒരു മാതൃകാ മാർഗരേഖ**

ഡോ. തോമസ് മൂലയിൽ
ജീവൻ ബുക്ക്സ് : ഭരണങ്ങാനം, 2023.

T.212  32 R3

(പൊതു വിദ്യാഭ്യാസത്തെക്കുറിച്ച്
അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ)




## വെറുപ്പിന്റെ ശരീര ശാസ്ത്രം

രേവതി ലോൾ

വിവർത്തനം : ശ്രീജിത് ദിവാകരൻ

ചിന്ത പബ്ലിഷേഴ്സ് : തിരുവനന്തപുരം, 2023.

W(Y:45.236) 32R3

(2002ലെ ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട് മുസ്ലിങ്ങൾ നേരിടേണ്ടിവന്ന വെറുപ്പിന്റെ രാഷ്ട്രീയം ചർച്ചചെയ്യുന്ന 'Anatomy of Hate' എന്ന ഗ്രന്ഥത്തിന്റെ പരിഭാഷ. ഉത്തർപ്രദേശിലെ സ്വതന്ത്ര മാധ്യമ പ്രവർത്തകനും മനുഷ്യാവകാശ പോരാളിയുമാണ് ഗ്രന്ഥകർത്താവ്)




## ഇന്ത്യ എന്റെ രാജ്യം

നജീബ് കാന്തപുരം

ഒലിവ് ബുക്ക്സ് : കോഴിക്കോട്, 2023.

W.2'P 32R3

(ലേഖന സമാഹാരം)




**കാണാമറയത്തെ ഇന്ത്യ**

ഭാഷാ സിംഗ്
പരിഭാഷ : ചിഞ്ചു പ്രകാശ്

ഒലിവ് പബ്ലിക്കേഷൻസ് :
കോഴിക്കോട്, 2020.

Y49:4:7 32 RO

(തോട്ടിപ്പണി (മാന്വൽ സ്കാവെഞ്ചിംഗ്) ചെയ്യുന്ന മനുഷ്യരെക്കുറിച്ചുള്ള നേരുകൾ വ്യക്തമാക്കുന്ന പുസ്തകം)




**ട്രയൽ നം. 115**

നിതിൻ ബാൽ

കൈപ്പട പബ്ലിഷിങ് ഹൗസ് :
ഇടുക്കി, 2023.

O32,3NIT R3

(കഥാസമാഹാരം)

# ആർട്ട് ഗാലറി



**ശരണ്യ സുരേഷ്**
കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 1





# ART GALLERY






**വിഷ്ണു എസ്.എസ്.**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

# ബാല സമന്വയം





**ദേവ് നാരായൺ**
Class : Plus 2
S/o ദീപ ആർ നായർ
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്



ബാല സമന്വയം









**അനന്തപത്മനാഭൻ**
Class : 1
S/o ബെൻസി ആനന്ദ്
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

# ബാല സമന്വയം



**അനന്തകൃഷ്ണൻ**
Class : 7
S/o ബെൻസി ആനന്ദ്
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

# ബാല സമന്വയം





**സാധ്വ് ശങ്കർ**
Class : 7
S/o ശങ്കർ കെ. കെ
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

# ബാല സമന്വയം





**ദേവിക**
Class : 1
D/o ദിവ്യ എം. എസ്
സെക്ഷൻ ഓഫീസർ





**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

# 01.02.2024 മുതൽ 31.05.2025 വരെ സർവ്വീസിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ



ശ്രീമതി. തുളസി. എ.
പാർട്ട് ടൈം സ്വീപ്പർ
29.02.2024



ശ്രീ. സതീഷ്കുമാർ. ആർ.
ഇൻഫർമേഷൻ അസിസ്റ്റന്റ്
30.04.2024



ശ്രീ. എഫ്. സക്കീർ ഹുസൈൻ
ഡെപ്യൂട്ടി ചീഫ് എഡിറ്റർ
31.05.2024



ശ്രീമതി പ്രീത കുമാരി ഡി..
സെലക്ഷൻ ഗ്രേഡ് റിപ്പോർട്ടർ
30.04.2024



ശ്രീമതി രാധ വി.
ബൈൻഡർ ഗ്രേഡ് 1
30.04.2024



ശ്രീ. തങ്കരാജ് ജെ.
ഇൻഹർമേഷൻ അസിസ്റ്റന്റ്
31.05.2024



ശ്രീ. സൈജു എസ്.
സീനിയർ ഗ്രേഡ് റിപ്പോർട്ടർ
30.04.2024



ശ്രീമതി എസ്. ഷീജ,
ജോയിന്റ് ചീഫ് എഡിറ്റർ
31.05.2024



ശ്രീ. സെൽവ്വരാഷ് ഇ.ആർ.
ബൈൻഡർ ഗ്രേഡ് 1
31.05.2024



ശ്രീ. ഉണ്ണികൃഷ്ണൻ നായർ പി.
ബൈൻഡർ ഗ്രേഡ് 2
30.05.2024



ശ്രീ.അനിൽകുമാർ ബി.
ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ.)
29.02.2024



ശ്രീ. ഡി.ഡി.ഗോഡ്ഫ്രി
അഡീഷണൽ സെക്രട്ടറി
30.05.2024



ശ്രീമതി പത്മിനി എം
റോണിയോ ഓപ്പറേറ്റർ
31.05.2024



ശ്രീമതി ജ്യോതി ലക്ഷ്മി പി.
അസംബ്ലി അറ്റൻഡന്റ്
31.05.2024



ശ്രീമതി ദീപ വി.
ജോയിന്റ് സെക്രട്ടറി
30.04.2024



ശ്രീ. വിനോദ് സി.
പേഴ്സണൽ അസിസ്റ്റന്റ് (ഹ.ഗ്രേ.)
29.02.2024



ശ്രീ. അനിൽ എസ്.
അഡീഷണൽ സെക്രട്ടറി
29.02.2024



ശ്രീ. ജേക്കബ് വി.എ.
ഡെപ്യൂട്ടി സെക്രട്ടറി
31.05.2024



ശ്രീ. ഭാനുവിക്രമൻ എൽ
പാർട്ട് ടൈം സ്വീപ്പർ
31.10.2024



ശ്രീമതി. രമണി ജി.
പാർട്ട് ടൈം ക്ലീനർ
31.07.2024



ശ്രീമതി. ക്ലാരമ്മ ജെ.
പാർട്ട് ടൈം സ്വീപ്പർ
31.08.2024



ശ്രീമതി. അംബുജാക്ഷി ആർ.
പാർട്ട് ടൈം സ്വീപ്പർ
30.11.2024



ശ്രീമതി ഷീല. പി
ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ)
28.02.2025



ശ്രീമതി പ്രീത സി.എസ്,
ഓഫീസ് സൂപ്രണ്ട്
28.02.2025



ശ്രീമതി ഷെമീൻ എ.
അസംബ്ലി അറ്റൻഡന്റ്
28.02.2025



ശ്രീമതി സാലിക്കുട്ടി സ്കറിയ
ഡെപ്യൂട്ടി ചീഫ് എഡിറ്റർ
31.03.2025



ശ്രീമതി. സുശീല എസ്
പാർട്ട് ടൈം സ്വീപ്പർ
30.04.2025



ശ്രീ. പുഷ്പാംഗദൻ റ്റി.
അണ്ടർ സെക്രട്ടറി
31.05.2025



ശ്രീമതി ശ്രീദേവി എസ്.
സെക്ഷൻ ഓഫീസർ (ഹ.ഗ്രേ)
31.05.2025



ശ്രീമതി ജ്യോതിലക്ഷ്മി എസ്.
സെക്ഷൻ ഓഫീസർ
31.05.2025



ശ്രീ. ജി.പി. ഉണ്ണികൃഷ്ണൻ
ജോയിന്റ് സെക്രട്ടറി
31.05.2025



ശ്രീ. വേണുഗോപാൽ ആർ
ജോയിന്റ് സെക്രട്ടറി
31.05.2025



ശ്രീമതി. സുദർശന കെ.
ജോയിന്റ് സെക്രട്ടറി
31.05.2025



ശ്രീമതി ബിന്ദു എസ്. എൽ
ഡെപ്യൂട്ടി സെക്രട്ടറി
31.05.2025



ശ്രീ. പ്രസാദ് ഡി.
ഡെപ്യൂട്ടി സെക്രട്ടറി
31.03.2025



ശ്രീമതി. ബിന്ദു എസ്.
അണ്ടർ സെക്രട്ടറി (ഹ.ഗ്രേ)
31.05.2025



ശ്രീ. രാജൻ എൻ.
ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 1
31.05.2025



ശ്രീ. സനിൽകുമാർ കെ..
ഇൻഫർമേഷൻ അസിസ്റ്റന്റ്
31.05.2025



ശ്രീ. എം. കെ. രാജൻ
ഇൻഫർമേഷൻ അസിസ്റ്റന്റ്
31.05.2025



ശ്രീ. എ. എം. സുൽഫിക്കർ
ഇൻഫർമേഷൻ അസിസ്റ്റന്റ്
31.05.2025



ശ്രീമതി. ഷൂജ കെ.
ഇൻഫർമേഷൻ അസിസ്റ്റന്റ്
31.05.2025



ശ്രീ. പി. രാമചന്ദ്രൻ
ചീഫ് എഡിറ്റർ
31.05.2025





ശ്രീമതി. പ്രമീള തങ്കച്ചി വി.എസ്,
ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ)
31.052025

ശ്രീമതി ചന്ദ്രിക എസ്
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
(സെല. ഗ്രേ.) 31.05.2025





ശ്രീ. ജി. ഓമനശീലൻ
ലൈബ്രേറിയൻ
31.05.2025

ശ്രീമതി ഗീത എ,
സെലക്ഷൻ ഗ്രേഡ് റിപ്പോർട്ടർ (ഹ.ഗ്രേ.)
31.05.2025





ശ്രീ. ശ്രീക്കുട്ടൻ കെ.പി.
അസിസ്റ്റന്റ്
31.05.2025

ശ്രീ. സുധാകരൻ എ.
പാർട്ട് ടൈം ക്ലീനർ
31.05.2025

# ഭരണഭാഷാ പ്രതിജ്ഞ

മലയാളം എന്റെ മാതൃഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷ യെയും കേരള സംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണ നിർവ്വഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും.

**ഔദ്യോഗികഭാഷാ വകുപ്പുതല സമിതി**
**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**